Volume: 35, Issue: 4

April, 2025

Price Rs. 25/-
Annual Subscription Rs.250

സെയിൽസ് ടാക്സ് വോയ്സ്

SALES TAX VOICE
Malayalam Monthly

EVANGELINE DEV IMPEX PVT. LTD
Dev
I melt with you...
വിഷു ആശംസകൾ
മേട മാസ പുലരിയിൽ കണി കാണാൻ മാത്രം വിരിയുന്ന
കണിക്കൊന്ന പൂക്കളുടെ നന്മയുമായി ഒരു വിഷു കൂടി വരവായി
എല്ലാവർക്കും സ്നേഹത്തിന്റെയും സമൃദ്ധിയുടെയും
വിഷു ആശംസകൾ
Dev
Jackfruit
Dev
Alphonso Mango
Dev
Tender Coconut
follow :
Toll free : 1800 889 3119

പുസ്തകം – 35
ലക്കം – 4
ഏപ്രിൽ– 2025
വാർഷികവരിസംഖ്യ : 250 രൂ.
ഒറ്റപ്രതി : 25 രൂ.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്
ബിൽഡിംഗ് നമ്പർ VIII / 342
ശ്രീകോവിൽ, പട്ടിത്താനം
ഏറ്റുമാനൂർ – 686 631
Mob: 8281658923, Ph: 0481-2530668
E-mail: vtaxvoice@gmail.com
Web: www.salestaxvoice.com

വടക്കൻ സോണൽ ഓഫീസ്
കാണക്കാരി
കോട്ടയം – 686 632
Mob: 9048530668

തെക്കൻ സോണൽ ഓഫീസ്
ശ്രീകണ്ഠേശ്വരം
തിരുവനന്തപുരം – 23
ഫോൺ : 0471–4060668
E-mail: vtaxvoicetvm@gmail.com

മാനേജർ :
ഡി. ജോൺതരകൻ
ഫോൺ : 9847073538

ചീഫ് എഡിറ്റർ :
പി.പുരുഷോത്തമൻ
ഫോൺ : 9847176589

അസ്സോസിയേറ്റ് എഡിറ്റേഴ്സ് :
1. അനിൽഗോപിനാഥ്
ഫോൺ: 9447367201
(ജോയിന്റ് കമ്മീഷണർ, GST Dept.)
2. സി.എൻ വിശ്വമോഹനൻ നായർ
ഫോൺ: 9495326161
(റിട്ട. സെയിൽസ് ടാക്സ് ഓഫീസർ)
3. കെ.എം. അസീഫ്
ഫോൺ: 9495790795

എക്സിക്യൂട്ടീവ് എഡിറ്റേഴ്സ് :
1. ജോർജ്ജ് വർഗ്ഗീസ്
(റിട്ട. സീനിയർ കൊമേഴ്സ്യൽ ടാക്സസ് ഓഫീസർ)
2. ആന്റണിജോസഫ്
ഫോൺ: 9946042504
(റിട്ട. സെയിൽസ് ടാക്സ് ഓഫീസർ)

എഡിറ്റേഴ്സ് :
ഷിജു പുരുഷോത്തമൻ
(ഡെപ്യൂട്ടി കമ്മീഷണർ, GST Dept)
കെ. രാജേന്ദ്ര
(അസി. കമ്മീഷണർ)
അനിയൻ അവർമ്മ
(സ്റ്റേറ്റ്ടാക്സസ് ഓഫീസർ)
സി.വി. ജോസ്
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
എം. കുഞ്ഞിരാമൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. ദേവരാജൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. രാജേന്ദ്രൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ. പുഷ്പാംഗദൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
വി.കെ. രമേശൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
വി. ഷാജി
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)
കെ.പി. രഞ്ചൻ
(റിട്ട. സെയിൽസ്ടാക്സ് ഓഫീസർ)

സെയിൽസ് ടാക്സ്
വോയ്സ്

പുതിയ സാമ്പത്തിവർഷം :
കുതിപ്പിനൊരുങ്ങി ഇന്ത്യൻ സമ്പദ്വ്യവസ്ഥ

- ഈ വർഷം നാലാമത്തെ സാമ്പത്തിക ശക്തിയാകുമെന്ന് അനുമാനം
- 10 വർഷത്തിനിടെ രാജ്യത്തിന്റെ വളർച്ച 105%

2025 – 26 സാമ്പത്തിക വർഷത്തിന് തുടക്കമാകുമ്പോൾ ലോകമാകെ ഉറ്റുനോക്കുന്നത്

2025–26 സാമ്പത്തിക വർഷത്തിന് തുടക്കമാകുമ്പോൾ ലോകമാകെ ഉറ്റു നോക്കുന്നത് ഇന്ത്യയിലേക്ക്. വർഷാവസാനത്തോടെ ലോക സാമ്പത്തികവ്യവസ്ഥയിൽ ഇന്ത്യ 4-ാം സ്ഥാനത്തേക്ക് ഉയരുമെന്ന അനുമാനമാണു കാരണം. ഇന്ത്യയിലേതാണ് ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്വ്യവസ്ഥ എന്നതാണ് അനുമാനത്തിന് അടിസ്ഥാനം. നിലവിൽ യു എസ്, ചൈന, ജർമനി, ജപ്പാൻ എന്നിവയ്ക്കു പിന്നിലാണ് ഇന്ത്യ.

സാമ്പത്തിക വളർച്ചയിൽ ഇന്ത്യ കൈവരിച്ചിരിക്കുന്ന അതിവേഗത്തിന്റെ അളവു ബോധ്യപ്പെടാൻ കഴിഞ്ഞ 10 വർഷത്തെ നേട്ടം മതിയാകും. 105 ശതമാനമാണു നേട്ടം. ഈ കാലയളവിൽ യു. എസ്. സമ്പദ്വ്യവസ്ഥ കൈവരിച്ച വളർച്ച 66% മാത്രം. ചൈനയുടെ വളർച്ചയാകട്ടെ 44 ശതമാനത്തിലൊതുങ്ങി. ജർമനിയിലെയും ജപ്പാനിലെയും സമ്പദ്വ്യവസ്ഥ കാര്യമായ വളർച്ച കൈവരിച്ചതേയില്ല.

ഈ സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച 6.5 ശതമാനമായിരിക്കുമെന്നാണ് ഏൺസ്റ്റ് ആൻഡ് യങ്, എസ്. ആൻഡ് പി ഗ്ലോബൽ തുടങ്ങി വിവിധ ഏജൻസികളുടെ പൊതുവായ അനുമാനം.

അഡ്വ: എസ്. അനിൽകുമാർ

(കേരള ഹൈക്കോടതി)

സംശയങ്ങൾക്ക് മറുപടി

1. കെട്ടിടംപണിയുടെ ലേബർ കോൺട്രാക്ടിനു നികുതി ബാധ്യതയുണ്ടോ? അതിനായി പ്രത്യേക രജിസ്ട്രേഷൻ എടുക്കണമോ? അതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം?

Q *:ഞാൻ ജി.എസ്.ടി രജിസ്ട്രേഷനുള്ള ഒരു വ്യക്തിയാണ്. ഒരു ഹാർഡ് വെയർഷോപ്പ് ആണ് നടത്തുന്നത്. കൃത്യമായി റിട്ടേണുകൾ നൽകുകയും നികുതിയടയ്ക്കുകയും ചെയ്തുവരുന്നു. ഇതോടൊപ്പം കെട്ടിടംപണിയുടെ ലേബർ കോൺട്രാക്ട് ലഭിച്ചിട്ടുണ്ട്. അതിന് ലഭിക്കുന്ന പ്രതിഫലത്തിന് എനിക്ക് ജി.എസ്.ടി ബാധ്യത വരുമോ? ഉണ്ടെങ്കിൽ അതിനായി പ്രത്യേക രജിസ്ട്രേഷൻ വേണ്ടി വരുമോ? ഇല്ലെങ്കിൽ നിലവിലുള്ള രജിസ്ട്രേഷനിൽ ഇതു കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ? അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്.*

(കെ.രമേശൻ നായർ, വാഴപ്പള്ളി)

A : ജി.എസ്.ടി നിയമപ്രകാരം ചരക്കിന്റെയോ സേവനത്തിന്റെയോ രണ്ടിന്റെയും കൂടിയോ ഉള്ള സപ്ലൈയ്ക്ക് ജി.എസ്.ടി ബാധകമാണ്. ഇടപാട് മൂല്യത്തിന്മേലാണ് നികുതി ബാധകമാവുക. ലേബർ കോൺട്രാക്ടിന് സേവനത്തിന്റെ പരിധിയിൽ വരുന്നതിനാൽ അതിന് ജി.എസ്.ടി ബാധകവമാവും. അതിന് ലഭിക്കുന്ന പ്രതിഫലം, ഇടപാടുമൂല്യമാവുകയും അതിന്മേൽ നികുതി ബാധ്യത വരികയും ചെയ്യും. താങ്കൾക്ക് ഹാർഡ് വെയർ ഷോപ്പ് ജി.എസ്.ടി രജിസ്ട്രേഷനുള്ളതിനാൽ അതോടൊപ്പം ലേബർ കോൺട്രാക്ടും ഉൾപ്പെടുത്താനാകും. എന്നാൽ, ഹാർഡ്‌വെയർ ഷോപ്പിന് കോമ്പോണ്ടീംഗ് സമ്പ്രദായപ്രകാരമാണ് നികുതിയടയ്ക്കുന്നതെങ്കിൽ അതോടൊപ്പം ലേബർ കോൺട്രാക്ടിന്റെ പ്രതിഫലം ഉൾപ്പെടുത്താനാവില്ല, കാരണം സേവനദാതാക്കൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം ബാധകമാവില്ല. നിലവിലുള്ള രജിസ്ട്രേഷനിൽ സേവനം കൂടി ഉൾപ്പെടുത്തുന്നതിനും ഓൺലൈൻ ആയി അപേക്ഷ നൽകിയാൽ മതിയാകും.

* * * * * * * * * * * * * * *

2. അപ്പീൽ സംബന്ധിച്ച മറ്റെല്ലാ വ്യവസ്ഥകളും പാലിച്ചിട്ടും അസസ്സ്മെന്റ് ഓർഡറിന്റെ സർട്ടിഫൈഡ് കോപ്പി നൽകിയില്ലായെന്ന ഒറ്റക്കാരണത്താൽ അപ്പീൽതള്ളി, ഇത് സാധൂകരിക്കത്തക്കതാണോ?

Q *: എന്റെ റിട്ടേണുകൾ പരിശോധിച്ച ജി.എസ്.ടി ഉദ്യോഗസ്ഥൻ എനിക്കെതിരെ ഒരു അസസ്സ്മെന്റ്*

ഓർഡർ പുറപ്പെടുവിക്കുകയുണ്ടായി. അതിനെതിരെ ഓൺലൈൻ ആയി അപ്പീൽ നൽകുകയും നികുതിയുടെ പത്തുശതമാനം പ്രീഡെപ്പോസിറ്റ് ആയി നൽകുകയും ചെയ്തു. ഓൺലൈനായി നൽകിയ അപ്പീലിന്റെ പകർപ്പ് 10% പ്രീഡെപ്പോസിറ്റായി നൽകിയതിന്റെ തെളിവും പോർട്ടലിൽ അപ്‌ലോഡ് ചെയ്തിരുന്നു ഡിജിറ്റൽ സിഗ്നേച്ചർ ഉള്ള അസസ്സ്മെന്റ് ഓർഡറിന്റെ പകർപ്പും സഹിതം അപ്പിൽ അധികാരിക്ക് അയച്ചുകൊടുത്തു. എന്നാൽ അസസ്സ്മെന്റ് ഓർഡറിന്റെ സർട്ടിഫൈഡ് കോപ്പി അപ്പീൽ മെമ്മോറാണ്ടത്തിനോടൊപ്പം നൽകിയില്ലെന്ന കാരണത്താൽ അപ്പീൽ നിരസിക്കുമെന്ന് കാണിച്ച് നോട്ടീസ് നൽകി. എന്നാൽ അസസ്സ്മെന്റ് ഓർഡർ ജി.എസ്.ടി പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും അതിന്റെ പ്രിന്റ് ഔട്ട് ആണ് അപ്പിൽ പെറ്റീഷനോടൊപ്പം നൽകിയിരുന്നതെന്നും കാണിച്ച് മറുപടി നൽകി. എന്നാൽ അസസ്സ്മെന്റ് ഓർഡറിന്റെ സർട്ടിഫൈഡ് കോപ്പി നിർബന്ധമായും നൽകേണ്ടതാണെന്നും അതുചെയ്യാത്തതിനാൽ അപ്പീൽ നിലനിൽക്കില്ലെന്നും കാണിച്ച് അപ്പീൽ നിരസിച്ച്കൊണ്ട് അപ്പീൽ അധികാരി ഉത്തരവിറക്കുകയാണുണ്ടായത്. ഇത് ന്യായമാണോ? ഈ ഉത്തരവിനെതിരെ എനിക്കെന്താണ് പരിഹാരമാർഗ്ഗം. ?

(റ്റി .റ്റി ജോസഫ്, കോട്ടയം)

A

: ജി.എസ്.ടി അസസ്സ്മെന്റ് ഓർഡറിനെതിരെ ഓൺലൈനായി അപ്പീൽ നൽകിയാൽ ഒരാഴ്ചക്കുള്ളിൽ ഏതോർഡറിനെതിരെയാണോ അപ്പീൽ നൽകുന്നത്, അതിന്റെയൊരു സർട്ടിഫൈഡ് കോപ്പി അപ്പീൽ അധികാരിക്ക് അയച്ചുകൊടുക്കണമെന്ന് ജി.എസ്.ടി ചട്ടത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ ജി.എസ്.ടി പോർട്ടലിൽ ഡിജിറ്റൽ സിഗ്നേച്ചർ ഉള്ള അസസ്സ്മെന്റ് ഓർഡർ അപ്‌ലോഡ് ചെയ്തിട്ടുള്ളതുകൊണ്ട് വീണ്ടും അതിന്റെ സർട്ടിഫൈഡ് കോപ്പി ആഫീസിൽ അപേക്ഷനൽകി വാങ്ങി അപ്പീൽ അധികാരിക്ക് അയച്ചുകൊടുക്കണമെന്ന് പറയുന്നത് അർഥശൂന്യമാണ്. സർട്ടിഫൈഡ് കോപ്പി അയച്ചുകൊടുക്കണമെന്നുള്ളത് പ്രോസീജ്യറൽ കാര്യമാണെന്നും ആയതിനാൽ അക്കാരണത്താൽ അപ്പീൽ നിരസിക്കുന്നത് ന്യായമല്ലെന്നും ഹൈക്കോടതികളുടെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ അപ്പീൽ അധികാരിയുടെ ഉത്തരവ് ന്യായമല്ല. അതിനെതിരെ ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്.

* * * * * * * * * * * * * * *

3. ജി.എസ്.ടി നിയമം 130-ാം വകുപ്പനുസരിച്ചുള്ള നടപടികൾ അപ്പീലിൽ റദ്ദാക്കപ്പെട്ടശേഷം അതിൽ പറയുന്ന കാര്യങ്ങളിൽ 74-ാം വകുപ്പനുസരിച്ച് നടപടിയെടുക്കുന്നതും നികുതി ചുമത്തുന്നതും ശരിയോ?

Q

: ജി.എസ്.ടി രജിസ്ട്രേഷനെടുത്തു വ്യാപാരം ചെയ്തുവരുന്ന ഒരു വ്യക്തിയാണ് ഞാൻ. ചരക്കുകൾ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും വില്പന നടത്താറുണ്ട്. എന്റെ വ്യാപാരസ്ഥാപനത്തിൽ ജി.എസ്.ടി ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അവിടെയുണ്ടായിരുന്ന ചരക്കിന്മേൽ ജി.എസ്.ടി നിയമം 130–ാം വകുപ്പനുസരിച്ച് നടപടിയെടുക്കുകയും ചെയ്തു. 130–ാം വകുപ്പനുസരിച്ച് നടപടിയെടുക്കേണ്ട യാതൊരു സാഹചര്യവുമില്ലെന്ന് തെളിവുകൾ സഹിതം ബോധിപ്പിച്ചിട്ടും അതു പരിഗണിക്കാതെയായിരുന്നു 130–ാം വകുപ്പനുസരിച്ച് നടപടിയെടുത്തത്. അതിനെതിരെ അപ്പീൽ നൽകുകയും 130–ാം വകുപ്പനുസരിച്ചെടുത്ത നടപടി അപ്പീലധികാരി റദ്ദാക്കുകയും ചെയ്തു. എന്നാൽ, 130–ാം വകുപ്പനുസരിച്ചുള്ള നടപടിക്കാധാരമായ ആരോപണങ്ങളെ അടിസ്ഥാനമാക്കി ജി.എസ്.ടി ഉദ്യോഗസ്ഥൻ ജി.എസ്.ടി നിയമം 74–ാം വകുപ്പനുസരിച്ച് അസസ്സ്മെന്റ് തീർപ്പാക്കി നികുതിയും ആനുപാതികമായി പിഴയും പലിശയും ഈടാക്കിയിരിക്കുന്നു. 130–ാം വകുപ്പനുസരിച്ചുള്ള നടപടി നിലനിൽക്കില്ലെന്ന് അപ്പീൽ അധികാരി വിധിച്ചിരിക്കെ അതേ ആരോപണങ്ങളുടെയടിസ്ഥാനത്തിൽ 74–ാം വകുപ്പനുസരിച്ച് നടപടിയെടുത്തത് ന്യായമാണോ?

(കെ. ഭാസ്കരകാരണവർ, ഹോസ്ദുർഗ്ഗ്)

A

: ജി.എസ്.ടി നിയമം 130–ാം വകുപ്പനുസരിച്ചുള്ള നടപടിക്കാധാരമായ ആരോപണങ്ങളൊന്നും നിലനിൽക്കത്തക്കതല്ലെന്ന് കണ്ടാണല്ലോ ആ ഉത്തരവ് അപ്പീൽ അധികാരി റദ്ദാക്കിയത്. അതിനാൽ അതേ വിവരങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ ജി.എസ്.ടി നിയമം 74–ാം വകുപ്പനുസരിച്ചുള്ള നടപടിയെടുക്കുകയും നികുതി ചുമത്തുകയും ചെയ്യുന്നതിന് ന്യായീകരണമില്ല. അതിനെതിരെ വേണമെങ്കിൽ ഹൈക്കോടതിയെ സമീപിക്കാവുന്നതാണ്.

* * * * * * * * * * * * * * *

4. എന്റേതല്ലാത്ത കുറ്റത്താൽ 10% Pre-deposit അടക്കാൻ സാധിക്കാതെവന്നതിന്റെ പേരിൽ അപ്പീൽ നിരസിക്കുന്നത് ന്യായമോ? ഇതിനെതിരെ എന്ത് ചെയ്യാൻ പറ്റും?

(ശേഷം 25–ാം പേജിൽ)

वित्त मंत्रालय
MINISTRY OF
FINANCE

ജി. എസ്. ടി വെയർ ഓഫ് ഇന്ററസ്റ്റ് & പെനാൽറ്റി സ്കീം

സിജിഎസ്ടി ആക്ട് വകുപ്പ് 128 എ–ക്ക് കീഴിൽ സമാരംഭിച്ചത്

എഫ് വൈ 2017 – 18, 2018 – 19 കൂടാതെ 2019 – 20 ലേക്ക് വകുപ്പ് 73 – ന് കീഴിൽ ആവശ്യപ്പെട്ടിരിക്കുന്ന പലിശയോ പിഴയോ രും കൂടിയോ വ്യവസ്ഥകൾക്കു കീഴിൽ ഒഴിവാക്കുന്നതിന് സി. ജി. എസ്. ടി ആക്ട് വകുപ്പ് 128 എ ഉൾപ്പെടുത്തിയിരിക്കുന്നു

ജി. എസ്. ടി നടപ്പാക്കിയ വർഷങ്ങളിൽ നികുതി ദായകർക്കുായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് സി. ജി. എസ്. ടി ആക്ടിൽ ഭേദഗതികൾ വരുത്തി യിരിക്കുന്നു.

- 2017 – 18, 2018 – 19 കൂടാതെ 2019 – 20 സാമ്പത്തി കവർഷങ്ങളിലേക്ക് സി. ജി. എസ്. ടി ആക്ട് വകുപ്പ് 73 – ന് കീഴിൽ ഇഷ്യു ചെയ്ത ഡിമാൻഡ് നോട്ടീസുകളിലെ പലിശയും പിഴയും ഒഴിവാക്കു ന്നതിനാണിത്.

31. 03. 2025 വരെ നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന നികുതി മുഴുവൻ തുകയും നികുതിദായകർ അടച്ചിട്ടുള്ള കേസുകളിൽ

ബന്ധപ്പെട്ട ഫോമുകൾ 2025 ജൂൺ 30–ന് മുമ്പ് നിർബന്ധമായും സമർപ്പിച്ചിരിക്കണം

ഈ സമയപരിധി സ്കീം പാലിക്കുന്നതിന് ബിസിനസുകൾക്ക് ആവശ്യമായ സമയം ലഭിക്കുന്നതിനും കനത്ത പലിശയും പിഴയും ഒഴിവാക്കി ജിഎസ്ടി പാലിക്കൽ ക്രമപ്പെടുത്തുവാൻ പ്രോത്സാഹിപ്പിക്കുന്നതിനുമാണ്.

ജിഎസ്ടി വെയ്‌വർ ഓഫ് ഇന്ററസ്റ്റ് & പെനാൽറ്റി സ്കീമിലൂടെ നിങ്ങളുടെ നിയമം പാലിക്കൽ സുഗമമാക്കൂ!

കൂടുതൽ വിവരങ്ങൾക്ക് 2017–ലെ സിജിഎസ്ടി ആക്ട് വകുപ്പ് 128 എ, നോട്ടിഫിക്കേഷൻ നമ്പർ 20/2024– സെൻട്രൽ ടാക്സ് തീയതി 08.10.2024 കൂടാതെ സർക്കുലർ നമ്പർ 238/32/2024–ജിഎസ്ടി തീയതി 15.10.2024 കാണുക

ക്യുആർ കോഡ് സ്കാൻ ചെയ്യുക

CBC 15502/13/ 0012 /2425

സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ്

@cbicindia | @cbic_india | @cbicindia | @CBICINDIA | CBIC India

56-ാമത് ജി.എസ്.ടി കൗൺസിൽ :

പ്രധാന തീരുമാനങ്ങൾ

ഉയർന്ന മുറിവാടക ഈടാക്കുന്ന ഹോട്ടലുകൾക്ക് ഒപ്പമുള്ള റസ്റ്ററന്റിലെ നികുതി കുതിച്ചുയരും. ദിവസവും 7500 രൂപയ്ക്കുമേൽ മുറിവാടകയുള്ള ഹോട്ടലുകളിലെ റസ്റ്ററന്റിൽ നിലവിൽ ഭക്ഷണത്തിന് ഈടാക്കുന്ന 5% ജി.എസ്.ടി, 18 ശതമാനമായാണ് വർധിക്കുക. ഹോട്ടലുകൾക്ക് ഇതുവഴി ഇൻപുട്ട്ടാക്സ്ക്രെഡിറ്റ് ക്ലെയിം ചെയ്യാം. ജി.എസ്.ടി കൗൺസിൽ തീരുമാനപ്രകാരം ഇറക്കിയ വിജ്ഞാപനത്തിന്റെ ഭാഗമായാണു നികുതി വർധന.

ജി.എസ്.ടി കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നവർ ഓപ്ഷൻ ഫയൽ ചെയ്യണമെന്നു ജി.എസ്.ടി വകുപ്പ് അറിയിച്ചു. ഇപ്പോൾ സ്കീമിലുള്ളവർ പുതുതായി അപേക്ഷിക്കേണ്ടതില്ല. ഇനി തുടർ സീരീസിലുള്ള ഇൻവോയ്സ് ആണ് എല്ലാവരും ഉപയോഗിക്കേണ്ടത്. 2017–18 മുതൽ 2024–25 വരെ ഏതെങ്കിലും ഒരു വർഷത്തിൽ വിറ്റുവരവ് 5 കോടി കടന്നിട്ടുണ്ടെങ്കിൽ ഇനി ബിടുബി ഇടപാടിന് ഇ-ഇൻവോയ്സിങ് ഉറപ്പാക്കണം. ഇല്ലെങ്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കില്ല. ശിക്ഷയും ലഭിക്കും.

ജി.എസ്.ടി ആർ -1, 3-ബി റിട്ടേൺ ഫയലിങ് സ്കീമായ QRMP അടുത്ത വർഷം ആദ്യപാദം മുതൽ തന്നെ പ്രയോജനപ്പെടുത്താം. ഇപ്പോൾ QRMP സ്കീമിലുള്ളവർക്ക് പ്രതിമാസറിട്ടേൺ സംവിധാനത്തിലേക്കുമാറുകയും ചെയ്യാം.

2017–18, 2018–19, 2019–20 വർഷങ്ങളിലേക്ക് സെക്ഷൻ 73 പ്രകാരം നികുതിനിർണയ ഉത്തരവുകൾ ലഭിച്ചവർക്ക് ആംനെസ്റ്റി പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ നികുതി അടയ്ക്കണം. ജൂൺ 30 നുള്ളിൽ ഫയൽ ചെയ്യണം.●

2024 ഡിസംബർ 31 വരെ കേരളത്തിന്റെ

നികുതിക്കുടിശ്ശിക 16,500 കോടി

2019 മുതൽ കുടിശ്ശിക തീർപ്പാക്കൽപദ്ധതി നടപ്പാക്കിയിട്ടും കേരളത്തിലെ നികുതിക്കുടിശ്ശിക 16,500 കോടിയിലേറെ. 2024 ഡിസംബർ 31 വരെയുള്ള കണക്കാണിത്. സംസ്ഥാനം കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുമ്പോഴാണ് കുടിശ്ശിക പിരിക്കുന്നതിലെ വീഴ്ച. ജനുവരിമുതൽ മാർച്ചുവരെയുള്ള കുടിശ്ശികക്കണക്ക് ലഭ്യമായിട്ടില്ല. അതുകൂടി ചേർന്നാൽ ഇനിയും കൂടും.

ജി.എസ്.ടി ഇന്ധനത്തിനും മദ്യത്തിനും ബാധകമായ പൊതുവില്പന നികുതി, വാറ്റ്, അഡ്വാൻസ് ഇൻകം ടാക്സ് എന്നീ ഇനങ്ങളിലെ കുടിശ്ശികയാണിത്. ഇതിൽ ജി.എസ്.ടിക്കുമുൻപുള്ള വാറ്റിലാണ് ഏറ്റവും കൂടുതൽ കുടി ശ്ശിക10415.17 കോടി രൂപ.

ജിഎസ്ടിയിൽമാത്രം 3964.12 കോടിയാണ് കുടിശ്ശിക. 2038.35 കോടി രൂപ പിരിച്ചെടുക്കാനുള്ള. റവന്യൂ റിക്കവറി നടപടി തുടരുകയാണ്. 1110.84 കോടി രൂപ ഈടാക്കുന്നത് വിവിധ അതോറിറ്റികൾ സ്റ്റേചെയ്തിട്ടുണ്ട്. 814.93 കോടിരൂപയുടെ കുടിശ്ശിക സംബന്ധിച്ച മറ്റുനടപടികളിലാണ്.

ജിഎസ്ടിക്കുമുൻപുണ്ടായിരുന്ന വാറ്റ്, വില്പനനികുതി, അഡ്വാൻസ് ഇൻകംടാക്സ് എന്നീ ഇനങ്ങളിലായി 12,574.82 കോടിയാണ് കുടിശ്ശിക. ഇതിൽ 5037.31 കോടിക്ക് കോടതിയുടെയും അപ്പീൽ അതോറിറ്റികളുടെയും സ്റ്റേയുണ്ട്. 6407.98 കോടി രൂപയുടെ കേസുകൾ റവന്യൂറിക്കവറി നേരിടുന്നു. 1129.08 കോടി രൂപ മറ്റുനടപടികളിലും കുരുങ്ങിക്കിടക്കുന്നു.

ഈ സാമ്പത്തിക വർഷം മുതൽ !
നിരക്കുവർധനകളും ഇളവുകളും

ബജറ്റിൽ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച നിരക്കു വർധനകളും ഇളവുകളും ആനുകൂല്യങ്ങളും പ്രാബല്യത്തിൽ വന്നു.

വാഹനനികുതി

- 15 വർഷം കഴിഞ്ഞ ഇരുചക്രവാഹനങ്ങൾക്കും സ്വകാര്യ മുച്ചക്രവാഹനങ്ങൾക്കും റോഡ് നികുതി: 1,350 രൂപ (പഴയത് 900 രൂപ)
- 750 കിലോ വരെയുള്ള സ്വകാര്യകാറിന് 9,600രൂപ (6,400 രൂപ)
- കാർ 750 മുതൽ 1,500 കിലോ വരെ: 12,900 രൂപ (86,00 രൂപ)
- കാർ 1500 കിലോയ്ക്കു മേൽ: 15,900 രൂപ (10,600 രൂപ)
- എല്ലാ ഇലക്ട്രിക് വാഹനങ്ങൾക്കും നികുതി 5%. ഇനി മുതൽ 15 ലക്ഷം വരെ വിലയുള്ളവയ്ക്ക് 5%, 15 മുതൽ 20 ലക്ഷം രൂപവരെ 8%, 20 ലക്ഷത്തിനുമേൽ 10% ഇരുചക്ര, മുച്ചക്ര, ഇലക്ട്രിക് വാഹനങ്ങൾക്ക് നികുതി 5% ആയി തുടരും.
- കോൺട്രാക്ട് കാര്യേജ് ഓർഡിനറി, പുഷ്ബാക്ക്, സ്ലീപ്പർ സീറ്റുകൾക്കുള്ള നികുതി ഏകീകരിച്ചു.
- സ്വകാര്യ ബസ്സുകളുടെ ത്രൈമാസ നികുതിയിൽ 10% കുറവ്.

നിരക്കു വർധന

- ഭൂനികുതിയിൽ 50% വർധന. ഭൂമിയുടെ അളവനുസരിച്ച് സ്ലാബ് അടിസ്ഥാനത്തിലാണ് വർധന. ഒരു ആറിന് (2.47 സെന്റ്) രണ്ടര രൂപമുതൽ 15 രൂപവരെ വർധിക്കും.
- 23 ഇനം കോടതി ഫീസുകൾ വർധിക്കും.
- സഹകരണ ബാങ്കുകളുടെ ഗഹാനിനും റിലീസിനും നിരക്കുകൂടും.

ആനുകൂല്യങ്ങൾ

- സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയിൽ 3% വർധന (ഏപ്രിലിലെ ശമ്പളം മുതൽ).
- ദിവസവേതന, കരാർ ജീവനക്കാരുടെ വേതനത്തിൽ 5% വർധന
- ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പയിൽ 2% പലിശയിളവ്

ദേശീയതലത്തിൽ

മൊബൈൽ സേവനം മുടങ്ങിയാൽ നഷ്ടപരിഹാരം

24 മണിക്കൂറെങ്കിലും ഒരു ജില്ലയിൽ മൊബൈൽ സേവനം മുടങ്ങിയാൽ അവിടെ രജിസ്റ്റർ ചെയ്തിരിക്കുന്ന ഉടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള ട്രായ് നിർദ്ദേശം പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് പ്രാബല്യത്തിൽ വരും.

തത്തുല്യമായ ദിവസത്തെ വാലിഡിറ്റി തിനിയെ ക്രെഡിറ്റ് ആകും.

ഒരു ജില്ലയിലെ സംസ്ഥാനത്തോ കുറഞ്ഞത് 4 മണിക്കൂറെങ്കിലും സേവനതടസ്സമുണ്ടായാൽ കമ്പനി ഇക്കാര്യം ട്രായിയെ 24 മണിക്കൂറിനകം അറിയിക്കണം.

പുതിയ ആദായനികുതി സ്ലാബുകൾ (ന്യൂ സ്കീം)

പൂർണ ആദായനികുതിയൊഴിവിനുള്ള വാർഷിക വരുമാനപരിധി പുതിയ സാമ്പത്തികവർഷത്തിൽ 7 ലക്ഷം രൂപയിൽനിന്ന് 12 ലക്ഷമാകും. രാജ്യത്ത് ഒരു കോടിയാളുകൾക്ക് നികുതി ബാധ്യത ഒഴിവാകും.

പുതിയ സ്ലാബ് ഇങ്ങനെ :

0-4 ലക്ഷം വരെ : നികുതിയില്ല

4-8 ലക്ഷം വരെ : 5%

8-12 ലക്ഷം വരെ : 10%

12-16 ലക്ഷം വരെ : 15%

16-20 ലക്ഷം വരെ : 20%

20-24 ലക്ഷം വരെ : 25%

24 ലക്ഷത്തിനു മുകളിൽ : 30%

യുപിഎസ് പെൻഷൻ

കേന്ദ്രസർക്കാർ ജീവനക്കാർക്കുള്ള പുതിയ യൂണിഫൈഡ് പെൻഷൻ സ്കീം (യു.പി.എസ്)പ്രാബല്യത്തിൽ വന്നു. നിലവിലുള്ള കേന്ദ്രജീവനക്കാർക്ക് യു.പി.എസിലേക്കു മാറണമെങ്കിൽ ജൂൺ 30ന് മുൻപ് ഓപ്ഷൻ നൽകണം. ഇല്ലെങ്കിൽ നിലവിലെ എൻ.പി.എസിൽ (നാഷണൽ പെൻഷൻ സിസ്റ്റം) തന്നെ തുടരും.

ഏപ്രിൽ 1 മുതൽ കേന്ദ്രസർവ്വീസിൽ പ്രവേശിക്കുന്നവർ പിന്നീടുള്ള 30 ദിവസത്തിനകം യു.പി.എസി.നായി അപേക്ഷ നൽകണം.

കാർവില കൂടും

മാരുതി, ടാറ്റാ മോട്ടേഴ്സ്, കിയ, ഹ്യൂണ്ടായ്, ഹോറെനോ, ബിഎംഡബ്യു, മഹീന്ദ്ര തുടങ്ങിയ കമ്പനികളുടെ കാറുകൾക്ക് മാർച്ച് മുതൽ വില കൂടി. 2 മുതൽ 4% വരെയാണ് വർധന പ്രഖ്യാപിച്ചിരിക്കുന്നത്.

യുപിഐ അക്കൗണ്ടുകൾ

യു.പി.ഐ.എ.യുമായി ബന്ധിപ്പിച്ചിരിക്കുന്ന ഫോൺ നമ്പർ നിർജ്ജീവമെങ്കിൽ ഇവ നീക്കാൻ ബാങ്കുകൾക്ക് നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ) നിർദ്ദേശം നൽകിയിട്ടുണ്ട്. സൈബർ തട്ടിപ്പുകൾ തടയാനാണിത്.

തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ മിനിമം ദിവസവേതനം കേരളത്തിൽ 369 രൂപയായി വർധിച്ചു. നിലവിൽ ഇത് 346 രൂപയാണ്. 23 രൂപയാണ് വർധന.

പലിശനിരക്കിൽ മാറ്റമില്ല

മാർച്ച് മുതൽ ജൂൺ 30 വരെയുള്ള പാദത്തിലും ലഘുസമ്പാദ്യ പദ്ധതികളുടെ പലിശനിരക്ക് മാറ്റമില്ലാതെ തുടരും.

അക്കൗണ്ട് ലുക്ക്-അപ്പ്

ഇന്റർനെറ്റ്/മൊബൈൽ ബാങ്കിങ് വഴിയും ബാങ്ക് ശാഖവഴിയും നേരിട്ടും പണമയയ്ക്കുമ്പോൾ സ്വീകർത്താവിന്റെ പേരറിയാനുള്ള സൗകര്യം ഉടൻ. അബദ്ധത്തിൽ അക്കൗണ്ട് മാറിപ്പോകുന്ന പ്രശ്നം ഇനിയുണ്ടാകില്ല.

പണമയയ്ക്കുന്നതിനു മുമ്പ് സ്വീകർത്താവ് ആരെന്നു പരിശോധിച്ച് ഉറപ്പാക്കാനുള്ള അക്കൗണ്ട് ലുക്ക് - അപ്പ് സംവിധാനം നടപ്പാക്കാനാണ് റിസർവ് ബാങ്ക് ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്.

ഇ-ഇൻവോയ്സ്

ഏപ്രിൽ മുതൽ 10 കോടി രൂപയ്ക്കു മുകളിൽ വാർഷിക വിറ്റുവരവുള്ള ബിസിനസ്സുകൾക്ക് 30 ദിവസത്തിലും പഴക്കമുള്ള ഇ-ഇൻവോയ്സുകൾ റിപ്പോർട്ട് ചെയ്യാനാകില്ല. യഥാസമയത്തുള്ള നികുതിഇടപാട് ഉറപ്പാക്കാനും ടാക്സ് ഇൻവോയ്സിങ് റിപ്പോർട്ടിങ്ങിലെ കാലതാമസം ഒഴിവാക്കാനുമാണിത്.

നികുതിവെട്ടിപ്പ് നടക്കില്ല

വാടകയ്ക്കു നൽകിയ വീട്ടിൽ നിന്നുള്ള വരുമാനം ബിസിനസ്സ് വരുമാനമെന്നു കാണിച്ചുള്ള നികുതിവെട്ടിപ്പ് ഇനി നടക്കില്ല. യഥാർത്ഥത്തിൽ ഇൻകം ഫ്രം ഹൗസ് പ്രോപ്പർട്ടി എന്ന ഐ.ടി.ആർ ഹെഡിലാണ് ഈ വരുമാനം കാണിക്കേണ്ടത്.

എന്നാൽ പലരും ഇത് ബിസിനസ് വരുമാനമായി രേഖപ്പെടുത്തി കുറഞ്ഞ നികുതിയാണ് നൽകുന്നത്. ആദായനികുതി നിയമത്തിലെ ഭേദഗതിയനിസരിച്ച് വീട്ടുവാടക ബിസിനസ്സ് വരുമാനത്തിൽ ഇനി ഉൾക്കൊള്ളിക്കാനാകില്ല.●

Ayurveda First
Wherever pain strikes,
get instant relief!
RECOPAIN SPRAY
Offering fast relief from lower back pain, neck pain, joint pain and sprains.
Vaidyaratnam
RECOPAIN SPRAY
The goodness of camphor, eucalyptus oil, menthol and gandhapurapatra, further enhanced with the natural benefits of Mahanarayana Thailam and Sahacharadi Thailam.
Provides instant pain relief
Improves blood circulation
Manufacturing | Healthcare | Ayurveda College | Ayurveda Museum | Ayurveda Research Institute | Publications
Vaidyaratnam Oushadhasala Pvt. Ltd., Vaidyaratnam Road, Thaikkattussery P.O, Ollur, Thrissur 680 306, Kerala, India,
Ph: +91 487 2432732, Email: support@vaidyaratnam.com | Web: www.vaidyaratnam.com
/vaidyaratnamofficial
70344 30000
To consult online: vaidyaratnammooss.com/consultonline | To buy online: vaidyaratnamstore.com
ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941
The content in the advertisement is for informational purposes only and not a substitute for medical advice. Consult your doctor for more information.

നൂറുവർഷത്തെ തിളക്കവുമായി "ഭീമ" യുടെ കട്ടപ്പനഷോറൂം തുറന്നു

ഭീമയുടെ കട്ടപ്പനഷോറൂം സിനിമനടി വിൻസി അലോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു. ചെയർമാൻ ഡോ. ബി. ഗോവിന്ദൻ, ഡയറക്ടർ ജയഗോവിന്ദൻ, മാനേജിങ് ഡയറക്ടർമാരായ ആരതി ഗോവിന്ദൻ, ഡോ. ഗുരുരാജ്, സുധീർ കപ്പൂർ, ദീപ കപ്പൂർ എന്നിവർ സമീപം

നൂറുവർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള ഭീമ ജൂവലറിയുടെ കട്ടപ്പന ഷോറൂം ഉദ്ഘാടനം സിനിമാ നടി വിൻസി അലോഷ്യസ് നിർവഹിച്ചു. കട്ടപ്പനയിൽനടന്ന ചടങ്ങിൽ ഭീമ ജൂവലറി ചെയർമാൻ ഡോ. ബി. ഗോവിന്ദൻ, ജനപ്രതിനിധികൾ, പൗരപ്രമുഖർ എന്നിവരും ഉപഭോക്താക്കളും പങ്കെടുത്തു.

നവീന ഡിസൈനുകളിലുള്ള സ്വർണാഭരണ കളക്ഷനുകൾ, ഡയമണ്ട് ശേഖരം, വെള്ളി ആഭരണങ്ങൾ, വെള്ളിയിലുള്ള ഗിഫ്റ്റ് ആർട്ടിക്കിളുകൾ തുടങ്ങിയവ കട്ടപ്പനയിലെ ഷോറൂമിൽ ഒരുക്കിയിട്ടുണ്ട്.

ആകർഷകമായ അഡ്വാൻസ് ബുക്കിങ് നിരക്കുകൾക്കൊപ്പം ഡയമണ്ടിൽ ക്യാരറ്റിന് 18,000 രൂപവരെ കിഴിവും സ്വർണം, വെള്ളി ആഭരണങ്ങൾ വാങ്ങുമ്പോൾ 50+50 ഓഫറും ലഭ്യം. ഭീമയുടെ സ്വർണസമ്പാദ്യപദ്ധതികളിൽ ചേരാനുള്ള സൗകര്യവും ഉണ്ട്.

കൂടുതൽ ജനപ്രിയ ഓഫറുകളും സ്വർണ സമ്പാദ്യപദ്ധതികളും കട്ടപ്പന ഭീമയിൽ അവതരിപ്പിക്കുമെന്ന് ചെയർമാൻ ഡോ. ബി. ഗോവിന്ദൻ അറിയിച്ചു.●

പിട്ടാപ്പിള്ളിൽ ഏജൻസീസ് ഷോറൂം ഹരിപ്പാട് പ്രവർത്തനം ആരംഭിച്ചു

ഗൃഹോപകരണ ശൃംഖലയായ പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 83–ാ മത് ഷോറൂം ആലപ്പുഴ ഹരിപ്പാടിൽ പ്രവർത്തനം ആരംഭിച്ചു. കുമാരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂസി ആശാരിപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് യു. പ്രദീപ്, കെ.സുധീർ, അശോക പണിക്കർ, പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിങ് ഡയറക്ടർ പീറ്റർപോൾ പിട്ടാപ്പിള്ളിൽ, ഡയറക്ടർമാരായ കിരൺ വർഗീസ്, ഡോക്ടർ അലക്സ് പോൾ പിട്ടാപ്പിള്ളിൽ, അജോതോമസ്, ജനറൽ മാനേജർ എ.ജെ.തങ്കച്ചൻ തുടിയവർ ചടങ്ങിൽ പങ്കെടുത്തു. ഫാ. ജെയിംസ് പുളിച്ചമാക്കൽ ആശിർവാദ കർമ്മം നിർവഹിച്ചു. പിട്ടാപ്പിള്ളിൽ ഏജൻസിസ് ഉപഭോക്താക്കൾക്കായി ബയ് ആൻഡ് ഫ്ളൈ എന്ന സമ്മർ സ്കീമും അവതരിപ്പിച്ചു. ഈ പദ്ധതിയുടെ ഭാഗമായി വിജയികൾക്ക് യൂറോപ്പ് ടൂർപാക്കേജ് സമ്മാനമായിലഭിക്കും. കഴിഞ്ഞ 36 വർഷക്കാലമായി പ്രവർത്തിക്കുന്ന പിട്ടാപ്പിള്ളിൽ ഗ്രൂപ്പിന് 83 ഷോറുമുകളാണ് കേരളത്തിൽ ഉള്ളത്. എല്ലാ പ്രമുഖ ബ്രാൻഡുകളിലുള്ള ഗൃഹോപകരണങ്ങളുടെയും, മൊബൈൽ ഫോണുകളുടെയും, ലാപ്ടോപ്പുകളുടെയും, ഡിജിറ്റൽ ഉത്പന്നങ്ങളുടെയും വിപുലമായ ശേഖരം പിട്ടാപ്പിള്ളിൽ ഏജൻസീസിൽ ലഭ്യമാണ്●

ആലപ്പുഴ ഹരിപ്പാട്ട് പ്രവർത്തനം ആരംഭിച്ച പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 83–ാമത് ഷോറൂമിന്റെ ഉദ്ഘാടനം കുമാരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സൂസി ആശാരിപറമ്പിൽ നിർവഹിക്കുന്നു. യു.പ്രദീപ്, കെ.സുധീർ, അശോക പണിക്കർ, പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിങ് ഡയറക്ടർ പീറ്റർപോൾ പിട്ടാപ്പിള്ളിൽ, ഡയറക്ടർമാരായ കിരൺ വർഗീസ്, ഡോക്ടർ അലക്സ് പോൾ പിട്ടാപ്പിള്ളിൽ, അജോ തോമസ്, ജനറൽ മാനേജർ എ.ജെ.തങ്കച്ചൻ തുടങ്ങിയവർ സമീപം

എങ്ങിനെ കാര്യക്ഷമമായി ജിഎസ്ടി പിരിക്കാം?

സംസ്ഥാനത്ത് നാല്ലക്ഷത്തിൽപരം ജി.എസ്.ടി നികുതിദായകരുണ്ട്. അതിൽ ഒന്നരലക്ഷത്തിലധികം കേന്ദ്ര ജി.എസ്.ടി വകുപ്പിന്റെ നികുതിഭരണത്തിനു കീഴിലും ബാക്കി സംസ്ഥാന ജി.എസ്.ടി വകുപ്പിന് കീഴിലുമാണ്.

എബ്രഹാം റെൻ എസ്.
സ്പെഷ്യൽ കമ്മീഷണർ

വേഗത്തിലും, കുറഞ്ഞ ചിലവിലും നികുതി ചോർച്ച തടയാനാവുമ്പോഴാണ് നികുതിപിരിവ് കാര്യക്ഷമമാകുന്നത്. നമ്മുടെ സംസ്ഥാനത്ത് നാല് ലക്ഷത്തിൽപരം ജി.എസ്.ടി നികുതിദായകരുണ്ട്. അതിൽ ഒന്നരലക്ഷത്തിലധികം കേന്ദ്ര ജി.എസ്.ടി വകുപ്പിന്റെ നികുതിഭരണത്തിനു കീഴിലും ബാക്കി സംസ്ഥാന ജി.എസ്.ടി വകുപ്പിന് കീഴിലുമാണ്.

ഈ നാല് ലക്ഷം ബിസിനസുകൾക്കും ജി.എസ്.ടിയുടെ കാഴ്ചപ്പാടിൽ അതിന്റേതായ സങ്കീർണ്ണതകൾ ഉണ്ട്. ഈ സങ്കീർണ്ണതകൾ നിലനിൽക്കുമ്പോൾ തന്നെ ഈ ബിസിനസുകൾ അടയ്ക്കുന്ന നികുതി കൃത്യമാണെന്ന് ഉറപ്പുവരുത്തുക എന്ന ഉത്തരവാദിത്തമാണ് ഏകദേശം 4500 ജീവനക്കാരുള്ള (ജീവനക്കാർ മാത്രമുള്ള) സംസ്ഥാന ജി.എസ്.ടി വകുപ്പിനുള്ളത്. ഒരു ബിസിനസ് നികുതി അടയ്ക്കുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിന് ജി.എസ്.ടി വകുപ്പ് എടുക്കുന്ന ഏറ്റവും കുറഞ്ഞ സമയംവച്ചു കണക്കാക്കിയാൽ പോലും എല്ലാ ബിസിനസുകളെയും വർഷത്തിലൊരിക്കൽ പരിശോധിക്കുന്നത് പോലും പ്രായോഗികമല്ല എന്ന് കാണാം. എന്നാൽ നികുതി ചോർച്ച ഒഴിവാക്കാൻ ആവശ്യമായ പരിശോധനകൾ നടത്തുകയും വേണം.

ഈ വെല്ലുവിളിയെ ജി.എസ്.ടി തരണം ചെയ്യുന്നത് നിയമത്തിലെ ചില സവിശേഷതകൾ കൊണ്ടും, നിയമം നടപ്പാക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളും ഉപയോഗിച്ചാണ്. പുനഃസംഘടിപ്പിച്ച സംസ്ഥാന ജി.എസ്.ടി വകുപ്പ് എങ്ങനെ ഈ വെല്ലുവിളിയെ നേരിടുന്നു എന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

ഒരു ബിസിനസ് അതിന്റെ നികുതി സ്വയം നിർണയിച്ച് അടയ്ക്കുന്ന 'സെൽഫ് അസസ്മെന്റ്' എന്ന രീതിയാണ് മുൻകാല നികുതി നിയമങ്ങളിൽ നിന്ന് വ്യത്യസ്തമായി ജി.എസ്.ടി സ്വീകരിച്ചിട്ടുള്ളത്. മുൻകാലങ്ങളിൽ ഒരു ബിസിനസ് അതിന്റെ നികുതി റിട്ടേൺ സംബന്ധിച്ച ഉത്തരവാദിത്തങ്ങളും നടപടിക്രമങ്ങളും

ജി.എസ്.ടി കൗൺസിൽ സെക്രട്ടറിയേറ്റ് എല്ലാ നികുതി വകുപ്പുകൾക്കും സ്ക്രൂട്ടിണി, ഓഡിറ്റ് എന്നിവ അനിയന്ത്രിതമായ രീതിയിൽ നടത്താൻ പാടില്ല എന്ന് നിർദേശം നൽകി.

സ്ക്രൂട്ടിണി ആയാസരഹിതവും ചെലവ് കുറഞ്ഞതുമാണെങ്കിലും, അതു റിട്ടേൺ മാത്രം ഉപയോഗിച്ചുള്ള ഉപരിപ്ലവമായ പരിശോധനയാണ്.

നിറവേറ്റിയാലും അതിനു പൂർണ്ണത വരുന്നത് നികുതി ഉദ്യോഗസ്ഥന്റെ അസസ്മെന്റോടുകൂടി മാത്രമായിരുന്നു. ജി.എസ്.ടി യിൽ സാധാരണഗതിയിൽ ഒരു ബിസിനസ് അവരുടെ റിട്ടേൺ ഫയൽ ചെയ്യുന്നതോടു കൂടി അസസ്മെന്റ് അവസാനിക്കുന്നു. എന്നാൽ ഈ റിട്ടേണിലെ വിവരങ്ങളെപ്പറ്റി ജി.എസ്.ടി വകുപ്പിന് ആക്ഷേപം ഉള്ള പക്ഷം, അങ്ങനെ ആക്ഷേപം ഉള്ള ഭാഗത്തെക്കുറിച്ച് മാത്രമായി ഒരു നോട്ടീസ് നൽകാൻ നിയമം അനുവദിക്കുന്നുണ്ട്. ബിസിനസിനെ പൊതുവെ വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള ഈ രീതി ഒരു ബിസിനസിന്റെ മുഴുവൻ നികുതിയും പുനർനിർണയിക്കുന്ന ഉദ്യോഗസ്ഥ അസസ്മെന്റ് അധിഷ്ഠിതമായ പഴയ സമ്പ്രദായത്തിൽ നിന്നും ഏറെ മുന്നിലാണ്.

ഇങ്ങനെ സെൽഫ് അസസ്മെന്റ് ചെയ്യുന്നതിനാൽ ഒരു ബിസിനസിന് സാധാരണഗതിയിൽ ജി.എസ്.ടി വകുപ്പിന്റെ ഇടപെടൽ കൂടാതെ തന്നെ അവരുടെ നികുതികർത്തവ്യങ്ങൾ പൂർത്തിയാക്കാൻ സാധിക്കും. ഇനി ജി.എസ്.ടി വകുപ്പിന് ഏതെങ്കിലും ബിസിനസിനെ പരിശോധിക്കണമെങ്കിലോ? വകുപ്പിന് ഏറ്റവും പ്രസക്തമെന്ന് തോന്നുന്ന ബിസിനസുകളിൽ മാത്രം ഇടപെടൽ നടത്തിയാൽ മതിയാകും.

ജി.എസ്.ടി വകുപ്പിന്റെ 'ഇടപെടലുകളെ' പൊതുവേ മൂന്നായി തരം തിരിക്കാം - ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നികുതിവെട്ടിപ്പിനെതിരെ നടത്തുന്ന സേർച്ച്സീഷർ സമൻസ് നടപടികൾ, ഓഡിറ്റ് വിഭാഗം നടത്തുന്ന ഓഡിറ്റ് എന്ന രേഖകളുടെ വിശദ പരിശോധന, ടാക്സ്പെയർ സർവീസസ് വിഭാഗം നടത്തുന്ന സ്ക്രൂട്ടിണി എന്ന റിട്ടേൺ പരിശോധന.

ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന വെട്ടിപ്പിനെതിരെയുള്ള പരിശോധനയ്ക്ക് ചിലവും സമയവും ഏറെ എടുക്കുമെന്നു മാത്രമല്ല അത് 'intrusive' ആയതിനാൽ ബിസിനസുകളെ പരിശോധിക്കാൻ ഉപയോഗിക്കാവുന്ന ഒരു സാധാരണ രീതിയായി കാണാനാവില്ല. സ്ക്രൂട്ടിണി ആയാസരഹിതവും ചെലവ് കുറഞ്ഞതുമാണെങ്കിലും, അതു റിട്ടേൺ മാത്രം ഉപയോഗിച്ചുള്ള ഉപരിപ്ലവമായ പരിശോധനയാണ്. പരിശോധനയുടെ ആഴവും പരപ്പും തമ്മിൽ സന്തുലിതമായ ഒരു സ്ഥിതി കാണാൻ കഴിയുന്നത് ഓഡിറ്റിൽ മാത്രമാണ്. ജി.എസ്.ടി നിയമത്തിന്റെ ഈ പ്രത്യേകത കാരണമാണ് പുന:സംഘടനയിലൂടെ 140 ഓഡിറ്റ് ടീമുകൾ ഉള്ള, ഓഡിറ്റ് കേന്ദ്രീകൃതമായ ഒരു വകുപ്പായി സംസ്ഥാന ജി.എസ്.ടി പരിണമിച്ചത്.

ഓഡിറ്റിനും എല്ലാ ബിസിനസുകളിലേക്കും കടന്നുചെല്ലാൻ സാധിക്കില്ല. നാലുലക്ഷം നികുതിദായകരുള്ള കേരളത്തിൽ ഓരോ വർഷവും അതിൻറെ 3% ഓഡിറ്റ് ചെയ്യാൻ കഴിഞ്ഞാൽ തന്നെ മികച്ച നികുതി സംസ്കാരം കൊണ്ടുവരാൻ കഴിയും എന്നാണ് ഈ മേഖലയിലെ അക്കാദമിക പഠനങ്ങളിൽ കണ്ടെത്താനായിട്ടുള്ളത്. എല്ലാവരെയും ഓഡിറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ആരെ ഓഡിറ്റ് ചെയ്യണം എന്ന തീരുമാനം വളരെ പ്രാധാന്യമുള്ളതാവുന്നു. ഈ തീരുമാനം എടുക്കുന്നത് നികുതി ചോർച്ച ഉണ്ടാകാനുള്ള സാധ്യതയെ സൂചിപ്പിക്കുന്ന 'റിസ്കിന്റെ' അടിസ്ഥാനത്തിലാണ്. കൂടുതൽ റിസ്ക്കുള്ള ബിസിനസിനെ ആദ്യം പരിശോധനയ്ക്ക് വിധേയമാക്കിയാൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാകുമെന്നു മാത്രമല്ല റിസ്കിന്റെ സ്വഭാവത്തിനനുസരിച്ച് ഓഡിറ്റ് ആണോ സ്ക്രൂട്ടിണി ആണോ വേണ്ടത് എന്ന തീരുമാനവും എടുക്കാൻ സാധിക്കും.

സംസ്ഥാന ജി.എസ്.ടി വകുപ്പിൽ റിസ്കിന്റെ അവലോകനം നടത്തുന്നത് കമ്മീഷണറേറ്റിലെ ഇക്കണോമിക് ഇന്റലിജൻസ് ഡിവിഷൻ ആണ്.

കേന്ദ്ര ജി.എസ്.ടി വകുപ്പ്, ജി.എസ്.ടി നെറ്റ്വർക്കിന്റെ ബിസിനസ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് സംവിധാനം, സിഎജി എന്നിങ്ങനെയുള്ള പല സ്രോതസ്സുകളിൽ നിന്നും കിട്ടുന്ന വിവരങ്ങൾ ക്രോഡീകരിച്ച്, കേരളത്തിലെ ജി.എസ്.ടി റജിസ്ട്രേഷൻ ഉള്ള എല്ലാ ബിസിനസുകളുടെയും റിസ്ക് പ്രൊഫൈൽ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഏത് ബിസിനസിനെയാണ് ഓഡിറ്റ്, സ്ക്രൂട്ടിണി എന്നിവയ്ക്ക് വിധേയരാക്കേണ്ടത് എന്ന തീരുമാനം എടുക്കുന്നു. ഇതിലൂടെ പ്രാധാന്യമർഹിക്കുന്നയിടത്തേക്ക് ശ്രദ്ധ ചെലുത്താൻ വകുപ്പിന് സാധിക്കുന്നു.

പ്രായോഗികതലത്തിൽ ഈ ക്രമീകരണത്തിന് മറ്റൊരു ഗുണവുമുണ്ട്. ജി.എസ്.ടി യിൽ ഡിജിറ്റലായി വിവരങ്ങൾ ശേഖരിക്കുന്നതിനാൽ കേന്ദ്ര സർക്കാർ, ജി.എസ്.ടി നെറ്റ്വർക്ക്, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നിവിടങ്ങളിലും, നമ്മുടെ വകുപ്പിലും ഡാറ്റാ അനലിറ്റിക്സ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇവിടുന്നെല്ലാം നികുതി ചോർച്ച ഉണ്ടാവാൻ സാധ്യതയുള്ള ബിസിനസുകളെ സംബന്ധിച്ച റിപ്പോർട്ടുകൾ തുടർച്ചയായി ലഭിക്കുന്നുമുണ്ട്.

(തുടരും.....)

ജി.എസ്.ടി യിൽ, സാധാരണഗതിയിൽ ഒരു ബിസിനസ് അവരുടെ റിട്ടേൺ ഫയൽ ചെയ്യുന്നതോടു കൂടി അസസ്മെന്റ് അവസാനിക്കുന്നു.

TVS
PERSONAL MOBILITY SOLUTION
യാത്രകൾ തുടരാം
റെനോയോടൊപ്പം
TRIBER
KWID
TURBO
KIGER
RENAULT RANGE NOW WITH CNG
GOVT.APPROVED CNG RETROFITMENT KIT AVAILABLE
RENAULT TRIBER
PRICE STARTS AT
₹6.09 LAKH*
RENAULT KWID
PRICE STARTS AT
₹4.69 LAKH*
RENAULT KIGER
PRICE STARTS AT
₹6.09 LAKH*
Attractive cash offeres*
Exciting exchange benefits*
Additional loyalty benefits*
Quick Loan Approvals
Simple and Hassle Free Procedures
Easy Documentation
STANDARD WARRANTY FOR 3 YEARS/100 000 KMS*
+91 96564 44299
renault tvs
*T&C APPLY

ഓർമ്മക്കുറിപ്പ് !
എം. കുഞ്ഞിരാമൻ

കണ്ണൂരിന്റെ 'കെ. സുരേഷ് ബാബു' എന്ന സമാനതകളില്ലാത്ത സംഘാടകൻ ; മനുഷ്യസ്നേഹി ; നിസ്വാർത്ഥ–സേവകൻ ഓർമ്മയായി.......

അന്തരിച്ച പ്രിയപ്പെട്ട സഹപ്രവർത്തകന് ഹൃദയവേദനയോടെ വിട.....

കെ. സുരേഷ് ബാബു എന്നപേര് കേൾക്കുമ്പോഴേ നികുതിവകുപ്പ് ജീവനക്കാർഓർക്കുക സ്റ്റാഫ് അസോസിയേഷൻ എന്നും സംഘടനയെന്നുമാണ് (വാണിജ്യ നികുതി സ്റ്റാഫ് അസോസിയേഷൻ). സുരേഷേട്ടൻ എന്ന് പറഞ്ഞാൽ ആരു സെക്രട്ടറി സുരേഷേട്ടനാണോ? എന്ന മറുചോദ്യം ഉയരും. കണ്ണൂരിൽ സുരേഷ് ബാബു സ്റ്റാഫ് അസോസിയേഷന്റെ മുഖമായിരുന്നു. ഗൗരവംപൂണ്ട ആ മുഖവുമായി അധികമൊന്നും സംസാരിക്കാതെ വകുപ്പിലെ ജീവനക്കാർക്കും അവരുടെ സംഘടനയായ സ്റ്റാഫ് അസോസിയേഷനും വേണ്ടി ഉഴിഞ്ഞു വെച്ചതായിരുന്നു അദ്ദേഹത്തിന്റെ സർവീസ്കാലം. കെ.ജി.എസ്.ടി കാലത്തും കെ.വി.എ.ടി കാലത്തും വകുപ്പ്നിയമങ്ങളും അതിന്റെ കുരുക്കുകളും എല്ലാം മനസ്സിലാക്കി ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സഹോദരനെപ്പോലെ കൂടെ നിന്ന നിസ്വാർത്ഥ പ്രവർത്തകൻ. ലാസ്റ്റ്ഗ്രേഡ് ജീവനക്കാരനായാലും ജില്ലാമേധാവി ആയാലും ഒരേപോലെ കണ്ടു. റിട്ടയർചെയ്യുന്ന ജീവനക്കാർക്ക് അവരുടെ റിട്ടയർമെന്റ് അനുകൂല്യങ്ങൾ ദിവസങ്ങളോളം കണക്കുകൂട്ടി ഫിക്സ് ചെയ്യുന്നതിൽ അദ്ദേഹം നിരവധിപേരെ സഹായിച്ചു.

യാതൊരുവിധ സാമ്പത്തികനേട്ടത്തെ കുറിച്ചും ചിന്തിക്കാതെയാണ് തന്റെ സഹപ്രവർത്തകർക്കുവേണ്ടി അദ്ദേഹം ഈ ശ്രമകരമായ ജോലി സന്തോഷത്തോടെ ഏറ്റെടുത്തത്. വലിയഫീസ് അടച്ചു മറ്റു ഏജൻസികളെ കൊണ്ടോ വ്യക്തികളെ കൊണ്ടോ ഫിക്സേഷൻ നടത്തിയാലും സുരേഷ്ബാബുവിനെ കൊണ്ടു പരിശോധിപ്പിച്ചാലേ പലർക്കും തൃപ്തി വരുമായിരുന്നുള്ളൂ. ജില്ലയ്ക്കു പുറത്തുള്ളവർ പോലും ഇതിനായി അദ്ദേഹത്തെ സമീപിച്ചിരുന്നു. വകുപ്പ് ജീവനക്കാരുടെ അടുത്ത ബന്ധുക്കൾക്കു വേണ്ടിയും അദ്ദേഹം സേവനം നൽകി.

സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം, സംസ്ഥാന വൈസ്പ്രസിഡന്റ് എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചു. സംസ്ഥാനതലത്തിൽ സംഘടനയുടെ പ്രധാനമുഖങ്ങളിൽ ഒന്നായിരുന്നു. സംസ്ഥാന ഭാരവാഹി ആയിരിക്കുമ്പോഴും കണ്ണൂർ ജില്ലയിലെ സംഘടന പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. ഏറ്റവും ഏറെകാലം ജില്ലാസെക്രട്ടറി ആയിരുന്നതും സുരേഷ് ബാബു ആയിരുന്നു. സർവീസിൽ നിന്ന് വിരമിച്ച ശേഷം വാണിജ്യനികുതി പെൻഷനേഴ്സ് അസോസിയേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. രോഗം ആരോഗ്യത്തെ കീഴടക്കുന്നതുവരെ സംസ്ഥാനതലത്തിൽ തന്നെ സംഘടനയെ ശക്തിപ്പെടുത്താൻ പ്രയത്നിച്ചു.

> **തന്റെ കുടുംബമായി അദ്ദേഹം കണ്ടത് വാണിജ്യനികുതി വകുപ്പിനെയും ജീവനക്കാരെയുമായിരുന്നു**

ലിവറിൽ ട്യൂമർ ബാധിച്ചു മൂന്നു നാലു വർഷങ്ങളായി അദ്ദേഹം ചികിത്സയിൽ ആയിരുന്നു. ട്യൂമർ ലിവറിന്റെയും ഹൃദയത്തിന്റെയും പ്രവർത്തനങ്ങൾ തകരാറിലാക്കി. ലഭ്യമായ ഏറ്റവും മികച്ചചികിത്സ നൽകി എങ്കിലും ആരോഗ്യസ്ഥിതി മോശമായി വന്നു. രണ്ടാഴ്ചയിലേറെയായി കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ ഐ.സി.യു.വിൽ

(ശേഷം 25–ാം പേജിൽ)

വീണ്ടും ചില
ഇൻപുട്ട്ടാക്സ് തർക്കങ്ങൾ

നിയമം വരികൾക്കിടയിൽ വായിച്ചും ദുർവ്യാഖ്യാനം നടത്തിയും നോട്ടീസുകളും ഉത്തരവുകളും നൽകിവരികയാണ്

കെ.എം. അസീഫ്

ജി.എസ്.ടി നികുതിനിയമം നടപ്പിൽ വന്നിട്ട് എട്ടുവർഷം പൂർത്തീകരിച്ചിരിക്കുന്നു. വില്പന നികുതി എന്ന ഒരു സംസ്ഥാനനിയമം ജി.എസ്.ടി എന്ന ഒരു ദേശീയ നിയമമായി മാറിയപ്പോൾ വ്യാപാരികളെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസവും, ഇളവുകളും ലഭിക്കുകയുണ്ടായി. ദേശീയ തലത്തിൽ ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് ലഭ്യമാക്കുകയും അതുവഴി മുൻകാലങ്ങളെ അപേക്ഷിച്ച് നികുതിക്കുമേൽ നികുതി ചുമത്തേണ്ടി വരുന്ന ദുഃസ്ഥിതി ഒഴിവാക്കപ്പെടുകയും ചെയ്തു. നാടൊട്ടുക്ക് പ്രവർത്തിച്ചുവരുന്ന വില്പന നി കുതി ചെക്ക്പോസ്റ്റുകൾ നിറുത്തലാക്കുകയും പകരം ഓൺ ലൈൻ പരിശോധനാസംവിധാനം (ഇ-വേ ബിൽ) കൊണ്ടുവരികയും ചെയ്തു. ചെറുകിടവ്യാപാരികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 40 ലക്ഷം വരെ വാർഷിക വിറ്റുവരവ് ഉള്ള വ്യാപാരികൾക്ക് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമില്ലാതാക്കുകയും ചെയ്തു. കൂടാതെ വ്യവസ്ഥകൾക്ക് വിധേയമായി ചുരുങ്ങിയ നികുതിയും, ലളിതമായ റിട്ടേൺ സംവിധാനങ്ങളും ഇത്തരക്കാർക്ക് അനുവദിക്കുകയും ചെയ്തു.

അങ്ങനെ പുതിയ നികുതി നിയമമായ ജി.എസ്.ടി വ്യാപാരികൾക്കും, സർക്കാരിനും ഒരുപോലെ ഗുണകരമായി മുന്നോട്ട് പോകുകയാണ്.

കഴിഞ്ഞ കാലയളവിലെ ജി.എസ്.ടി അനുഭവങ്ങൾ ഒന്നു പരിശോധിച്ചാൽ ചില തർക്കങ്ങളുടെയും, നിയമ പോരാട്ടങ്ങളുടെയും ചിത്രം കൂടി നമുക്ക് കാണാൻ കഴിയും. ഇന്ത്യ മുഴുവൻ ഉയർന്നുവന്ന ജി.എസ്.ടി സംബന്ധമായ വലിയ തർക്കം ഇൻപുട്ട്ടാക്സ് അർഹത സംബന്ധിച്ചുള്ളതാണ് എന്ന് കാണാവുന്നതാണ്.

ഇത്തരം തർക്കങ്ങളുടെ ബാഹുല്യവും, രാജ്യത്തെ വിവിധ സംഘടനകളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് ഇൻപുട്ട്ടാക്സ് അടക്കമുള്ള ആദ്യകാല തർക്കങ്ങൾ പരിഹരിക്കാൻ സർക്കാർ പല പദ്ധതികളും ആവിഷ്കരിക്കുകയുണ്ടായി. അധിക ഇൻപുട്ട്ടാക്സ് എടുത്ത തർക്കങ്ങളിൽ സപ്ലെയറുടെ ഡിക്ലറേഷൻ

> “ഇത് കടുത്ത നിയമ നിഷേധവും അധികാര ദുർവിനിയോഗവും ആണ് എന്നതിൽ സംശയമില്ല.

ഹാജരാക്കുക വഴി തർക്കങ്ങൾ പരിഹാ രം കണ്ടെത്താൻ അനുവദിച്ചു. കൂടാതെ അനുവദനീയ മായ കാലയളവിന് ശേഷം ഇൻപുട്ട്ടാക്സ് എടുത്തു എന്ന തർക്കങ്ങൾക്ക് പ്രസ്തുത ഉത്തരവുകൾ തിരുത്തി നൽകാൻ നടപടികൾ കൊണ്ടുവരികയും ചെയ്തു. ഇവയുടെ, എല്ലാം തുടർച്ചയായി ബാക്കി നിന്നിരുന്ന മറ്റു തർക്കങ്ങളുടെ പരിഹാരം എന്ന നിലയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി പലിശയും, പിഴയും പൂർണ്ണമായി ഒഴിവാക്കി നിൽക്കുന്ന ജി.എസ്.ടി ആംനസ്റ്റി സ്കീം 2024 അവതരിപ്പിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞതുപോലെ അനാവശ്യ ബുദ്ധിമുട്ടുക ളും, തർക്കങ്ങളും ഒഴിവാക്കി ശാന്തമായി വ്യാപാരം നടത്തുവാൻ സാഹചര്യം ഒരുക്കുകയാണ് സർക്കാർ ഇതുവഴി ചെയ്തുവരുന്നത്.

എന്നാൽ വീണ്ടും ഇൻപുട്ട്ടാക്സ് വിഷയത്തിൽ പുതിയ നിയമവ്യാഖ്യാനങ്ങളുമായി പുതിയ തർക്കങ്ങൾ തുടങ്ങിയിരിക്കുകയാണ് എന്നതാണ് നിലവിലെ അവസ്ഥ.

ജി.എസ്.ടി റൂൾ 86എ ആണ് ഇൻപുട്ട്ടാക്സ് നിഷേധിക്കുന്ന തിനും, വ്യാപാരികളെ വീണ്ടും നിയമതർക്കങ്ങളി ലേക്കും തള്ളിവിടുന്നതിനായി ഇന്ന് വ്യാപകമായി ദുരുപയോഗം ചെയ്യുന്നത്.

പ്രസ്തുത നിയമം 2020 ജനുവരിയിൽ കൊണ്ടുവന്നത് ചില പ്രത്യേക സാഹചര്യങ്ങളിൽ ഉണ്ടാവുന്ന ഫേക്ക് ട്രാൻസാക്ഷനുകൾ തടയാനും, അതുവഴി ഉണ്ടാവുന്ന നികുതി നഷ്ടം ഒഴിവാക്കാനും വേണ്ടിയാണ്. എന്നാൽ ഒരു നികുതി നഷ്ടവും ഇല്ലാത്ത കേസുകളിൽപ്പോലും നിയമം വരികൾക്കിടയിൽ വായിച്ചും ദുർവ്യാഖ്യാനം നടത്തിയും നോട്ടീസുകളും ഉത്തരവുകളും നൽകിവരികയാണ്.

ഒരു ഇൻവോയ്സ് നൽകിയ സപ്ലയർ നിലവിൽ ബിസിനസ്സ് നടത്തുന്നില്ലായെന്ന് കണ്ടെത്തിയാലും പ്രസ്തുത ഇൻവോയ്സ് പ്രകാരം ചരക്കു കൈമാറ്റം നടന്നിട്ടില്ലായെന്ന് കണ്ടെത്തിയാലും, പ്രസ്തുത ഇൻ വോയ്സ് പ്രകാരം നികുതി അടച്ചിട്ടില്ല എന്നു കണ്ടെ ത്തിയാലും ഒരു ഉദ്യോഗസ്ഥന് പ്രസ്തുത ഇൻവോയ്സ് പ്രകാരമുള്ള ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് താല്ക്കാലിക മായി തടയാം എന്നാണ് റൂൾ 86എ വ്യക്തമാക്കുന്നത്.

അതുപോലെ പ്രസ്തുത ക്രെഡിറ്റ് ലഭിച്ച വ്യാപാരിക്ക് പ്രസ്തുത ചരക്ക് ലഭിച്ചിട്ടില്ലായെങ്കിലും പ്രസ്തുത ഇൻവോയ്സ് കൈവശം ഇല്ലായെങ്കിലും മേൽപ്പറഞ്ഞ നിയമം അനുസരിച്ച് ഇൻപുട്ട്ടാക്സ് ക്രെഡിറ്റ് താല്ക്കാലികമായി തടഞ്ഞു ഉത്തരവാക്കാം.

എന്നാൽ പ്രസ്തുത തടയൽഉത്തരവ് ഒരു വർഷ ക്കാലയളവിനു മുകളിൽ തുടരരുത് എന്നും നിയമം കൃത്യമായി നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ കൃത്യമായ അന്വേഷണമോ, ബോദ്ധ്യ പ്പെടലോ ഇല്ലാതെ (വ്യക്തമാക്കാതെ)ധൃതി പിടിച്ച് ഇൻപുട്ട്ടാക്സ് തടയുകയും, പ്രസ്തുത നടപടി സമയ ബന്ധിതമായി പരിശോധിച്ച് തീരുമാനം എടുക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന ദുസ്ഥിതിയും നിലനിൽക്കുന്നുണ്ട്.

കേരളത്തിലെ ഒരു വ്യാപാരി, നിയമ വ്യവസ്ഥകൾ പാലിച്ച് കേരളത്തിനു പുറത്ത് നിന്ന് മറ്റൊരു രജിസ്ട്രേഡ് വ്യാപാരിയിൽ നിന്നും ചരക്ക് വാങ്ങുന്നു. പ്രസ്തുത ചരക്ക് ഇൻവോയ്സും ഇ-വേ ബില്ലും പ്രകാരം കൈപ്പറ്റുകയും പ്രസ്തുത ട്രാൻസാക്ഷൻ തന്റെ പർച്ചേ സ് രജിസ്റ്ററിലും സ്റ്റോക്ക് രജിസ്റ്ററിലും ചേർക്കുകയും ചെയ്യുന്നു. തുടർന്ന് പ്രസ്തുത ചരക്കിന്റെ വിലയും നികുതിതുകയും സപ്ലയർക്ക് ബാങ്ക് ട്രാൻസാക്ഷൻ വഴി നൽകുന്നു. പിന്നീട് സപ്ലയർ പ്രസ്തുതനികുതി റിട്ടേൺ വഴി അടക്കുകയും അതിന്റെ വിവരം ജി.എസ്.ടി ആർ 2ബിയിൽ ഓട്ടോ പോപ്പുലേറ്റ് ചെയ്തു വരികയും ചെയ്തതിനുശേഷമാണ് കേരളത്തിലെ വ്യാപാരി അർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നത്.

എന്നാൽ, ഡിപ്പാർട്ട്മെന്റിന്റെ വർഷങ്ങൾ കഴിഞ്ഞുള്ള പരിശോധനയിൽ പ്രസ്തുത സപ്ലയർ നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തിയാൽ പ്രസ്തുത സപ്ലയറുടെ മുൻകാല കാലയളവിലെ ജെനുവിൻ ട്രാൻസാക്ഷൻ വരെ യാതൊരു തുടർ പരിശോധനയും നടത്താതെ സംശയത്തിന്റെ കീഴിൽ കൊണ്ടുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഇവിടെ രണ്ടു പ്രശ്നങ്ങളാണ് ഉയർന്നു വരുന്നത്.

1. ഒരു സപ്ലയർ ചെയ്ത തെറ്റിന് (നികുതി നഷ്ടം ഇല്ലാത്ത കേസ്സിൽ) ചരക്ക് കൈപ്പറ്റിയ വ്യാപാരിയെ അനാവശ്യമായി ശിക്ഷിക്കുന്നു.
2. ഒരു സപ്ലയർ ജെനുവിൻ ആണോ... അല്ലയോ എന്ന് തിരിച്ചറിയാൻ സർക്കാർ എന്ത് സൗകര്യങ്ങ ളാണ് നൽകിയിട്ടുള്ളത്.

ഒരു ഫേക്ക് രജിസ്ട്രേഷൻ പരിശോധനാ വിവരത്തിനുമേൽ കൃത്യമായ തുടർപരിശോധനകൾ നടത്തുകയും പ്രസ്തുത തുടർപരിശോധനയിൽ ചരക്ക് കൈപ്പറ്റി വ്യാപാരിക്ക് തെറ്റ് പറ്റിയിട്ടുണ്ട് എന്ന് ബോധ്യം വന്നാൽ അത് കൃത്യമായി പ്രസ്തു വ്യാപാരിയെ തെളി വുകളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുത്തി വേണം ഇൻപുട്ട്ടാക്സ് നിഷേധിച്ച് ഉത്തരവ് ഇറക്കാൻ.

നിലവിൽ ഒരു വിവരത്തിന്റെ (Intimation Letter) വെളിച്ചത്തിൽ ഇടവും വലവും നോക്കാതെ ഇൻപുട്ട് ടാക്സ് തടയുകയും, മനഃപൂർവ്വം നികുതിവെട്ടിപ്പ് നട ത്തി എന്ന രീതിയിൽ സെക്ഷൻ 74 പ്രകാരം ഇൻപുട്ട് ടാക്സ് തുകയും, പലിശയും, നികുതിക്ക് തുല്യമായ തുക പിഴയും പലിശയും ചുമത്തി നോട്ടീസുകൾ നൽ കുകയാണ്. ഇത് കടുത്ത നിയമനിഷേധവും അധികാര ദുർവിനിയോഗവും ആണ് എന്നതിൽ സംശയമില്ല.

ഇത്തരം പുതിയ തർക്കങ്ങളിൽ കൂടി ഒരു സർക്കാർ ഇടപെടൽ ആവശ്യമാണ്. കൃത്യമായ ഒരു സമയക്രമം പാലിക്കുവാനും ഉത്തരവുകൾ നീണ്ടു പോകുന്ന നിലവിലെ സാഹചര്യത്തിൽ ഒരു അപ്പലേറ്റ് പരിഹാരം ഉണ്ടാകുകയും വേണം. ബഹുമാനപ്പെട്ട ഗുജ റാത്ത് ഹൈക്കോർട്ട് 2021 ൽ തന്നെ ഇക്കാര്യത്തിൽ കൃത്യമായ മാർഗ്ഗനിർ ദ്ദേശങ്ങൾ പുറപ്പെടുവി ക്കണമെന്ന് സർക്കാ രിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്.●

> “ വ്യാപാരിയെ തെളിവുകളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുത്തി വേണം ഇൻപുട്ട്ടാക്സ് നിഷേധിച്ച് ഉത്തരവ് ഇറക്കാൻ

TRINITY PACKAGING CO. PVT. LTD.

QMS-ISO 9001:2015 UKAS and NABCB Accreditation & GMP Certified Company

One of the leading manufacturers, suppliers of wooden pallets and packaging services and are also certified to provide ISPM-15 standard Heat treatment for wooden Pallets

Products and Services

- Wooden Pallets
- Palletisation
- Packaging

TRINITY PACKAGING CO. PVT. LTD.

Office Address :

203, Ghanshyam Enclave,
Behind Laljipada Police Station, Link Road,
Kandivali West, Mumbai-400067, Maharashtra, India.

Factory Address:

D/5, JK Industrial Compound, Behind Novelty Hotel &
Nityanand Petrol Pump, NH No.8, Village Kher Pada,
Taluka-Vasai, Dist-Thane-401208

Key Person : Mr. John C. Daniel (Proprietor), Mobile : +91-9821317033, 9773322470, 9773322483

Phone : +91-22-28518360, Fax : +91-22-28506101, E-mail : trinity1157@gmail.com, markangel57@gmail.com

www.trinitypallet.com

ഒരു കാലഘട്ടത്തിൽ വില്പന നികുതിനിയമങ്ങളുടെ ആധികാരികവക്താവായിരുന്ന

സി.കെ. താണുപിള്ള അന്തരിച്ചു

വില്പന നികുതി വകുപ്പിൽ നിറദീപമായി തിളങ്ങി നിന്നിരുന്ന ശ്രീ.താണുപിള്ള സാറിന് ആദരാഞ്ജലികൾ.

എറണാകുളം കലൂർ പാത്തോത്ത് റോഡിൽ നന്ദനത്തിൽ അഡ്വ. സി.കെ. താണുപിള്ള നിര്യാതനായി. കേരള ഹൈക്കോടതിയിൽ മുൻഅഭിഭാഷകനും സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡിസ് രജിസ്ട്രാർ, കേരള ഗവൺമെന്റ് കമ്മീഷണർ ഫോർ ടാക്സേഷൻ ലോമെമ്പർ, റെവന്യൂബോർഡ് സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചിരുന്നു. ഭാര്യ പരേതയായ സുരബാലമ്മ. മക്കൾ: അഡ്വ. ഷൈന. എസ്, അഡ്വ. ഷൈജു രാജ്. മരുമക്കൾ: ഡോ. ബിജു രവീന്ദ്രൻ, ആശാനായർ, സംസ്കാരം പച്ചാളം പൊതുസ്മശാനത്തിൽ നടന്നു. ബന്ധുമിത്രാദികളോടൊപ്പം ഡിപ്പാർട്ടുമെന്റിൽ നിന്നും അബു മരക്കാർ, വീരാൻകുഞ്ഞ്, മൈമുന, ഷെരീഫ്, കെ.വി. അജിത്ത് തുടങ്ങി ഒട്ടേറെപ്പേർ സംസ്കാര ചടങ്ങുകളിൽ പങ്കെടുത്തു.

എക്കാലവും സെയിൽസ് ടാക്സ് വോയ്സ് മാസികയുടെ അഭ്യുദയകാംക്ഷിയായിരുന്ന അദ്ദേഹത്തിന്റെ നിര്യാണത്തിൽ മാസിക മാനേജർ ഡി. ജോൺതരകൻ ചീഫ് എഡിറ്റർ പി. പുരുഷോത്തമൻ എന്നിവർ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ബന്ധുമിത്രാദികളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തു.

നികുതി വകുപ്പിൽ പലപ്പോഴായി ഘട്ടംഘട്ടമായി വന്ന വികസനങ്ങളിൽ മിക്കതിലും താണുപിള്ള സാറിന്റെ കരങ്ങളായിരുന്നു അതിനു പിന്നിലുണ്ടായിരുന്നത്. ഡിപ്പാർട്ടുമെന്റിൽ ഓഫീസർമാരുടെ സംഘടനയ്ക്ക് രൂപംകൊടുത്ത് നേതൃത്വത്തിൽ വളരെക്കാലം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മരണസമയത്ത് കേരള സ്റ്റേറ്റ് വില്പനനികുതി വകുപ്പ് പെൻഷനേഴ്സ് അസ്സോസിയേഷന്റെ സംസ്ഥാന രക്ഷാധികാരിയായി പ്രവർത്തിച്ചു വരികയായിരുന്നു.

നികുതിവകുപ്പ് ജീവനക്കാരുടേയും റിട്ട. ജീവനക്കാരുടേയും സമുന്നത സംഘാടകൻ

റിട്ട. സെയിൽസ് ടാക്സ് അസി. കമ്മീഷണർ

റെജി തോമസ് അന്തരിച്ചു

ഒരു കാലഘട്ടമത്രയും നികുതിവകുപ്പ് ജീവനക്കാരുടേയും തുടർന്ന് പെൻഷൻകാരുടേയും സമുന്നത സംഘടനാനേതാവും റിട്ട. സെയിൽസ് ടാക്സ് അസി. കമ്മീഷണറുമായിരുന്ന കോട്ടയത്ത് മാലം മുരിക്കവേലിൽ റെജി തോമസ് (68) അന്തരിച്ചു.

ഭാര്യ: കുഞ്ഞുമോൾ റെജി (മാധവശ്ശേരി, കവിയൂർ), മക്കൾ റിജോ റെജി (ദുബായ്), റിയ റെജി (സൗദി). മരുമക്കൾ: വിനു മാത്യൂ (ഈരയിൽ, കോട്ടയം(സൗദി)), അനുബേബി (മാരിയിൽ, നെല്ലാ ട് (ദുബായ്)) വീട്ടിലെ ശുശ്രൂഷകൾക്ക്ശേഷം നീലിമംഗലം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് കാത്തോലിക്കേറ്റ് സെന്ററിൽ നടത്തി.

ബന്ധുക്കളും സുഹൃത്തുക്കളും സഹപ്രവർത്തകരുമടക്കം ഒട്ടേറെയാളുകൾ വീട്ടിലും പള്ളിയിലും നടന്ന സംസ്കാര ചടങ്ങുകളിൽ പങ്കെടുത്തു.

സെയിൽസ്ടാക്സ് വോയ്സ് മാസികയുടെ സ്ഥാപകരിൽ ഒരാളായ റെജി തോമസിന്റെ വേർപാടിൽ മാനേജർ ഡി. ജോൺ തരകൻ, ചീഫ് എഡിറ്റർ പി. പുരുഷോത്തമൻ എന്നിവർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. മാസികയ്ക്കുവേണ്ടി ചീഫ് എഡിറ്ററും മാസിക ജീവനക്കാർക്കുവേണ്ടി പി. എം. ജോമോനും ചേർന്ന് മൃതദേഹത്തിൽ റീത്ത്സമർപ്പിച്ച് ആദരങ്ങളർപ്പിച്ചു.

ഒരു കാലഘട്ടത്തിൽ നികുതി വകുപ്പിന്റെ പൊതുരംഗങ്ങളിലാകെ നിറഞ്ഞുനിന്നിരുന്ന വ്യക്തിത്വ മായിരുന്നു റെജി തോമസ്. അദ്ദേഹത്തിന്റെ ദേഹവിയോഗം എല്ലാ അർത്ഥത്തിലും ജീവനക്കാർക്കും പെ ൻഷൻകാർക്കും തീരാനഷ്ടമാണ്.●

ജി.എസ്.റ്റി നികുതിനിർണ്ണയം :

വ്യത്യസ്ത വർഷങ്ങളിലേക്ക് പ്രത്യേകം നോട്ടീസുകളും ഉത്തരവുകളും വേണം

അജി വി. ദേവ്
(അഡ്വ. കേരള ഹൈക്കോർട്ട്)

> **ഓരോ വർഷത്തെയും കണക്കുകൾ, പൊരുത്തക്കേടുകൾ, നിയമ ലംഘനങ്ങൾ എന്നിവയൊക്കെ വ്യത്യസ്ത സ്വഭാവം ഉള്ളതാവാം. ആകയാൽ വ്യത്യസ്ത വർഷങ്ങളിലേക്ക് പ്രത്യേകം നോട്ടീസ്സുകളും പ്രത്യേകം ഉത്തരവുകളും നൽകേണ്ടതാണ്.**

ജി.എസ്.റ്റി. നിയമങ്ങളുമായി ബന്ധപ്പെട്ടുള്ള നികുതിനിർണ്ണയ പ്രക്രിയകൾ ഓഫീസുകൾക്കുള്ളിലെ കംമ്പ്യൂട്ടറുകളിൽനിന്നും പുറത്തുകടന്ന് ഓഡിറ്റ്, റെയ്ഡ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വിശാലമായികൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ കംമ്പ്യൂട്ടർ പരിശോധനകളിലൂടെ (scrutiny), അഥവാ പോർട്ടൽ പരിശോധനകളിലൂടെ കണ്ടെത്തുന്ന പൊരുത്തക്കേടുകളായിരുന്നു നികുതി നിർണ്ണയ ഉത്തരവുകൾക്ക് ആധാരമെങ്കിൽ ഇപ്പോൾ നികുതി നിർണ്ണയത്തിന്റെ പരിധി കൂടുതൽ വ്യാപിച്ചിരിക്കുന്നു. ജി.എസ്.റ്റി. ഉദ്യോഗസ്ഥർ നികുതിദായകരുടെ സ്ഥാപനങ്ങളിലെത്തി ആരംഭിക്കുന്ന ഓഡിറ്റ്, വിവിധ വർഷങ്ങളിലെ എല്ലാ കണക്കുകളും സമഗ്രമായി പരിശോധിച്ച് നിയമപരമായും വസ്തുതാപരമായും ഉണ്ടായിട്ടുള്ള (ഉണ്ടെങ്കിൽ) പൊരുത്തക്കേടുകളും വീഴ്ചകളും ചൂണ്ടിക്കാട്ടി പരിശോധന പൂർത്തിയാകുമ്പോഴേക്കും ആഴ്ചകളും മാസങ്ങളും എടുത്തേക്കാം. അവസാനം തർക്കമുള്ള വിഷയങ്ങളിൽ കാരണംകാണിക്കൽ നോട്ടീസും തുടർന്ന് നികുതിനിർണ്ണയ ഉത്തരവും നൽകുന്നു.

എന്നാൽ ഗുരുതരമായ നിയമലംഘനങ്ങളോ നികുതിവെട്ടിപ്പോ നടത്തുന്നു എന്ന് സംശയം ഉള്ള കേസുകളിൽ മിന്നൽ പരിശോധനകളാണ് നടത്തുക. ഇവിടെ പരിശോധനയുടെ കാർക്കശ്യം സ്വാഭാവികമായും കൂടുതലായിരിക്കും. ഇത്തരം പരിശോധനകളും അവസാനം തർക്കമുള്ള വിഷയങ്ങളിൽ കാരണം കാണിക്കൽ നോട്ടീസിലും തുടർന്ന് നികുതിനിർണ്ണയ ഉത്തരവിലും കലാശിക്കുന്നു. ഇത്തരം നോട്ടീസ്സുകൾ/ഉത്തരവുകൾ പൊതുവേ നൽകപ്പെടുന്നത് ജി.എസ്.റ്റി. നിയമങ്ങളിലെ വകുപ്പ് 73 അല്ലെങ്കിൽ 74 പ്രകാരം ആണ്.

മേൽപ്പറഞ്ഞ രണ്ടു സന്ദർഭങ്ങളിലും പൊതുവേ, നിരവധി വർഷങ്ങളുമായി ബന്ധപ്പെട്ട് നികുതിനിർണ്ണയം നടത്തേണ്ടി വരും. നികുതി നിർണ്ണയത്തിന്റെ ഭാഗമായി നോട്ടീസുകളും ഉത്തരവുകളും നൽകുമ്പോൾ സാധാരണ കണ്ടുവരുന്ന രീതി എല്ലാ വർഷങ്ങൾക്കുമായി ഒരു പൊതുനോട്ടീസും പിന്നീട്

ഒരു പൊതുഉത്തരവും നൽകുന്നതായാണ് (ഉദാഹരണത്തിന് 2017-18,18-19,19-20 & 20-21 എന്നീ വർഷങ്ങൾക്കെല്ലാം കൂടി ഒരു നോട്ടീസ്/ ഒരു ഉത്തരവ്).

എന്നാൽ ഇങ്ങനെ വ്യത്യസ്ത വർഷങ്ങളിലേക്ക് ഒരു നോട്ടീസ്/ ഒരു ഉത്തരവ് നൽകുന്നരീതി നിയമവിരുദ്ധമാണെന്നും നടപടിക്രമങ്ങളുടെ ലംഘനമാണെന്നും കോടതി ഉത്തരവുകളും വന്നുകൊണ്ടിരിക്കുന്നു. സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിക്കുകയും റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയിൽ ഓരോ വർഷത്തെയും കണക്കുകൾ, പൊരുത്തക്കേടുകൾ, നിയമ ലംഘനങ്ങൾ എന്നിവയൊക്കെ വ്യത്യസ്ത സ്വഭാവം ഉള്ളതാവാം. ആകയാൽ വ്യത്യസ്ത വർഷങ്ങളിലേക്ക് പ്രത്യേകം നോട്ടീസ്സുകളും പ്രത്യേകം ഉത്തരവുകളും നൽകേണ്ടതാണ്.

Joint Commissioner (Intelligence & Enforcement) Thiruvananthapuram & Anr Vs. M/s. Lakshmi Mobile Accessories (2025 (2) TMI 666 - Kerala HC) എന്ന കേസ്സിലെ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധി ഇക്കാര്യം അരക്കിട്ടുറപ്പിക്കുന്നു. പലപ്പോഴും ഉദ്യോഗസ്ഥർക്ക് ചില വർഷങ്ങളുമായി ബന്ധപ്പെട്ട ഉത്തരവ് സമയ പരിധിക്കുള്ളിൽ തീർപ്പാക്കുവാനായി ധൃതിയിൽ നൽകേണ്ടി വരും. ഇതാകട്ടെ മറ്റു വർഷങ്ങളുമായി ബന്ധപ്പെട്ട നോട്ടീസ്സുകൾക്ക് വിശദമായ മറുപടി നൽകാനുള്ള അവസരം നികുതിദായകന് നഷ്ടപ്പെടുത്തുന്നു. കൂടാതെ വകുപ്പ് 74 ൽ സാമ്പത്തികവർഷം എന്ന് പ്രത്യകമായി പറയുന്നുണ്ടെന്ന സംഗതിയും ബഹു: കോടതി ചൂണ്ടിക്കാട്ടി. പ്രസ്തുത കേസ്സിൽ 2017-18 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലേക്ക് വകുപ്പ് 74 പ്രകാരം ഒറ്റ നോട്ടീസ്/ ഉത്തരവ് നൽകിയതാണ് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്.

> **സാധാരണ കണ്ടുവരുന്ന രീതി എല്ലാ വർഷങ്ങൾക്കുമായി ഒരു പൊതുനോട്ടീസും പിന്നീട് ഒരു പൊതുഉത്തരവും നൽകുന്നതായാണ്**

M/s. Veremax Technologie Services Ltd Vs. The Assistant Commissioner of Central Tax Bengaluru (2024 (9) TMI 1347) എന്ന കേസ്സിൽ ബഹു:കർണ്ണാടക ഹൈക്കോടതി വിധിയും സമാന സാഹചര്യത്തിലുള്ളതാണ്. ഇവിടെ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലേക്ക് വകുപ്പ് 73 പ്രകാരം ഒറ്റ നോട്ടീസ്/ ഉത്തരവ് ആണ് നൽകിയത്. എന്നാൽ ഉത്തരവുകൾ നൽകുവാനുള്ള സമയപരിധി സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ആണ് ജി.എസ്.റ്റി. നിയമങ്ങൾ നിഷ്കർഷിച്ചിട്ടുള്ളതെന്നും അതുപോലെ മറ്റെല്ലാ നടപടിക്രമങ്ങളും വാർഷികാടിസ്ഥാനത്തിൽ ആണ് പൂർത്തീകരിക്കേണ്ടതെന്നും കോടതി വിലയിരുത്തി. അങ്ങനെ വരുമ്പോൾ വ്യത്യസ്ത വർഷങ്ങളിലേക്ക് ഒറ്റ നോട്ടീസ്/ ഉത്തരവ് നൽകുന്നതിന് നിലനിൽപ്പില്ല.

M/s. Titan Company Ltd. vs. Joint Commissioner of GST W.P.No. 33164 of 2023 എന്ന കേസ്സിൽ മദ്രാസ് ഹൈക്കോടതിയും സമാന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. State Of Jammu & Kashmir & Others vs Caltex India (Ltd.)/17.12.1965 (1966 AIR 1350, 1966 SCR (3) 149, AIR 1966 SUPREME COURT 1350) എന്ന കേസ്സിൽ രാജ്യത്തെ പരമോന്നത കോടതിതന്നെ ഈ തത്വം അംഗീകരിച്ചിട്ടുണ്ടെന്ന വസ്തുതയും ചൂണ്ടികാണിക്കപ്പെടുന്നു.●

ചരക്ക് – സേവനനികുതിപിരിവിൽ വർധന

2025 മാർച്ചിൽ 1.96 ലക്ഷം കോടി

മാർച്ചിൽ ഇന്ത്യയുടെ ചരക്ക്സേവനനികുതി പിരിവ് 9.9% വർധിച്ച് 1.96 ലക്ഷം കോടിരൂപയായി. കേന്ദ്ര ജി.എസ്.ടി പിരിവ് 38,100 കോടിരൂപയും സംസ്ഥാന ജി.എസ്.ടി പിരിവ് 49,900 കോടി രൂപയും. മാർച്ചിൽ സംയോജിത ജി.എസ്.ടി പിരിവ് 95,900 കോടിരൂപയും ജി.എസ്.ടി സെസ് പിരിവ് 12,300 കോടി രൂപയുമാണ്.

മാർച്ചിൽ അറ്റ ജി.എസ്. ടി (നെറ്റ് ജി.എസ്.ടി) പിരിവ് 1.76 ലക്ഷം കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷത്തേക്കാൾ 7.3% ഉയർച്ച യാണുണ്ടായത്. അതേസമയം 2025 സാമ്പത്തിക വർഷത്തിലെ മൊത്ത ജി.എസ്.ടി പിരിവ് കഴിഞ്ഞ വർഷത്തേക്കാൾ 9.4 % ഉയർന്ന് 22.08 ലക്ഷം കോടി രൂപയായിരുന്നു. റീഫണ്ടുകൾ ക്രമീകരിച്ചതിനു ശേഷം, 2025 സാമ്പത്തിക വർഷത്തിലെ അറ്റ ജി.എസ്.ടി പിരിവ് 8.6 ശതമാനം ഉയർന്ന് വർധിച്ച് 19.56 ലക്ഷം കോടി രൂപയായി.

ഫെബ്രുവരിയിൽ ചരക്ക്സേവനനികുതി പിരിവ് 9.1% ഉയർന്ന് 1,83,646 കോടി രൂപയായി. ജനുവരിയിലെ ജി.എസ്.ടി പിരിവ് 1.96 ലക്ഷം കോടി രൂപയിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 12.3% വർധന.

2024 ഡിസംബറിൽ ജി.എസ്.ടി പിരിവ് മുൻവർഷത്തെ അപേക്ഷിച്ച് 7.3 ശതമാനം വർധിച്ച് 1.77 ലക്ഷം കോടി രൂപയായിരുന്നു.

ബജറ്റിൽ, സർക്കാർ ഈ വർഷത്തെ ജി.എസ്.ടി വരുമാനത്തിൽ 11% വർധനവാണ് പ്രവചിച്ചിരിക്കുന്നത്. കേന്ദ്ര ജി.എസ്.ടിയും നഷ്ടപരിഹാരസെസും ഉൾപ്പെടെ 11.78 ലക്ഷം കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

Riya®
the travel expert!
ഫ്ലൈറ്റ്, ട്രെയിൻ ടിക്കറ്റ്, ടൂർ പാക്കേജ്, വിസ സർവീസ് &
സർട്ടിഫിക്കറ്റ് അറ്റെസ്റ്റേഷൻ, വിദേശ ഉപരിപഠനം....
മികച്ച സർവ്വീസുകൾ, മിതമായ നിരക്കിൽ!
FLIGHTS
HOLIDAYS
CRUISE
VISA
FOREX
INSURANCE
Riya
the travel expert!
Ground Floor, PMC 9/1135, Near KSRTC, Mylapra Rd, Pathanamthitta,
+91 96050 00890 / 95627 10554 / 95627 00151 / 99466 64693
0468 2325755 /2325766
offices across INDIA, USA, CANADA, UAE & THAILAND | www.riya.travel

SINCE 1991
പാരമ്പര്യത്തിന്റെ
പൊൻതിളക്കം
Pavithra
THE BRIDAL SERIES
AVJ®
JEWELLERY
GOLD. DIAMOND. SILVER
AVJ JEWELLERY
Opp. Mini Civil Station,
Civil Station Road, Cherthala
0478 2812644 | 8547082644
AVJ SILVER
South Of Devi Temple,
AC Rd, Cherthala
9633882644 | 0478 2812645

നികുതിയടയ്ക്കാതെ അതിർത്തികടന്നാൽ 'വാഹൻ' വഴി പിടികൂടും

ചെക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥരുടെ ആവശ്യമില്ല

നികുതിയടയ്ക്കാതെയും പെർമിറ്റില്ലാതെയും വാഹനങ്ങൾ പിടികൂടാൻ ഓൺലൈൻ നിരീക്ഷണ സംവിധാനം വരുന്നു. 20 മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിലെ ഉദ്യോഗസ്ഥ വിന്യാസത്തിന് പകരമാണിത്. ചെക്പോസ്റ്റുകളിലെ ചരക്ക്-സേവന വകുപ്പിന്റെ നിരീക്ഷണ ക്യാമറകളിൽ പതിയുന്ന വാഹനങ്ങളുടെ ദൃശ്യങ്ങൾ മോട്ടോർവാഹനവകുപ്പിന്റെ 'വാഹൻ' സോഫ്റ്റ്‌വേറിലേക്ക് തത്സമയം കൈമാറി വാഹനരേഖകൾ പരിശോധിക്കുന്ന സംവിധാനമാണ് തയ്യാറാക്കുന്നത്.

ചെക്പോസ്റ്റിൽ നിന്നുള്ള ചിത്രങ്ങളിൽ നിന്ന് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ശേഖരിച്ച് 'വാഹൻ' ഡേറ്റാബേസുമായി ഒത്തു നോക്കാനുള്ള സോഫ്റ്റ്‌വേർ പരീക്ഷണത്തിലാണ്. നികുതിയടയ്ക്കാത്ത വാഹനങ്ങൾ അതിർത്തികടന്നാൽ വഴിയിലുള്ള വാഹനപരിശോധനാ സംഘത്തിന് ഉടൻ സന്ദേശം ലഭിക്കുന്ന വിധമാണ് ക്രമീകരണം.

ചരക്ക് വാഹനങ്ങൾക്ക് ജി.പി.എസ് സംവിധാനം നിർബന്ധമാക്കിയിട്ടുള്ളതിനാൽ വാഹനത്തിന്റെ യാത്ര നിരീക്ഷിക്കാനാകും. സംസ്ഥാനത്തു നിന്ന് പുറത്തേക്കുപോകുന്നതിനുമുൻപ് എൻഫോഴ്സ്മെന്റ് സ്ക്വാഡിന് വാഹനം പിടികൂടി പിഴയീടാക്കാം. ഓൺലൈനായിട്ടും പിഴ ചുമത്താം.

ചെക്ക് പോസ്റ്റുകളിലെ ജോലി ഭാരം കുറയ്ക്കാനും അഴിമതിയില്ലാതാക്കാനും കഴിയുന്ന സംവിധാനമാണിത്. വിജിലൻസ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൈക്കൂലി ഇടപാടുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളാണ് മോട്ടോർ വാഹനചെക്ക്പോസ്റ്റുകൾ.

ഒട്ടേറെത്തവണ വിജിലൻസ് സംഘം മോട്ടോർവാഹന ഉദ്യോഗസ്ഥരെ പിടികൂടിയിട്ടുണ്ട്. 21 വെഹിക്കിൾ ഇൻസ്പെക്ടർമാരും 47 അസിസ്റ്റന്റ് വെഹിക്കിൾ ഇൻസ്പെക്ടർമാരും 61 ഓഫീസ് ജീവനക്കാരും ചെക്ക്പോസ്റ്റുകളിലുണ്ട്. ഇവരെ പുനർവിന്യസിക്കാനാകും.

മുൻ മുഖ്യമന്ത്രി പി.കെ.വി യുടെ മകൻ

അഡ്വ. വി. രാജേന്ദ്രൻ നിര്യാതനായി

മുൻ മുഖ്യമന്ത്രി പി.കെ.വാസുദേവൻ നായരുടെ മകനും ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനുമായ പെരുമ്പാവൂർ പുല്ലുവഴി കാപ്പിള്ളിൽ വീട്ടിൽ വി. രാജേന്ദ്രൻ (73) നിര്യാതനായി. ഇടപ്പള്ളി സണ്ണി പാലസിലായിരുന്നു താമസം.

ഭാര്യ: രാജേശ്വരി (റിട്ട. അധ്യാപിക, ജയകേരളം എച്ച്.എസ്.എസ്., പുല്ലുവഴി). മക്കൾ: അഡ്വ. രശ്മി, രേണു. മരുമക്കൾ : മഞ്ജുനാഥ് (ഹൊസൂർ), ഇന്ദ്രജിത്ത് (ബിസിനസ്).

റിട്ട. സെയിൽസ് ടാക്സ് ഓഫീസർ

ശിവനപ്പൻ നായർ അന്തരിച്ചു

നീലേശ്വരം തലക്കോണത്ത്‌വീട്ടിൽ എം. ശിവനപ്പൻ നായർ (85) റിട്ട. സെയിൽസ് ടാക്സ് ഓഫീസർ അന്തരിച്ചു.

ഭാര്യ: ശാന്തകുമാരി. മക്കൾ: ശ്രീകല, റാണി, മായ, ദീപ. മരുമക്കൾ: തുളസീധരൻ പിള്ള, വിനേഷ്കുമാർ, പരേതനായ ഗീതാകുമാർ (ബാബു), അടുക്കൂർ ഉണ്ണി.

ചന്തകളിൽ തത്സമയവായ്പ ആയിരം രൂപയ്ക്ക് ഒരുരൂപ പലിശ

പണം കണ്ടെത്തുന്നത് സഹകരണ കൺസോർഷ്യത്തിലൂടെ

ഏകദിന വായ്പയൊരുക്കാൻ 'റീകൂപ്പ് പദ്ധതി'യുമായി സഹകരണ വകുപ്പ്. ഒരു രൂപ പലിശ നൽകിയാൽ ആയിരംരൂപ ഒരു ദിവസത്തേക്ക് ചന്തയിൽ നിന്നുതന്നെ നൽകുന്ന തത്സമയ വായ്പപദ്ധതിയാണിത്. നഗരത്തിലെ പ്രധാന ചന്തകളിലെല്ലാം ഇത്തരം വായ്പകളുമായി വട്ടിപ്പലിശക്കാരുണ്ട്. നൂറു രൂപയ്ക്ക് പത്തുരൂപവരെയാണ് ഇതിനു ള്ള ദിവസപലിശ. മൈക്രോഫിനാൻസ് സ്ഥാപനങ്ങളും വലിയ പലിശയിടാക്കി പണംനൽകുന്നുണ്ട്. ഈ ചൂഷണം തടഞ്ഞ് ചെറുകിടവഴി യോരകച്ചവടക്കാരെയടക്കം സഹായിക്കാനാണ് സഹകരണ ബാങ്കുകളുടെ ഫണ്ട് ഉപയോഗിച്ച് റീകൂപ്പർമാർ ചന്തയിലേക്കിറങ്ങുന്നത്.

സഹകരണ കൺസോർഷ്യം രീതിയിലാണ് പദ്ധതി. പ്രത്യേകം മൊബൈൽ ആപ്പ് ഉപയോഗിച്ചായിരിക്കും തത്സമയവായ്പ നൽകുക. ഒരോ പ്രദേശത്തും പ്രത്യേകം റികൂപ്പർമാരെ (വായ്പവിതരണത്തിന് നിയോഗിക്കുന്ന വ്യക്തികൾ) നിയോഗിക്കും. നിക്ഷേപവായ്പപിരിവുകാരെയും ഇതിന് ഉപയോഗിക്കുന്നതും പരിഗണനയിലാണ്. ഓരോ ആയിരം രൂപയ്ക്കും അതിന്റെ പലിശയായി കണക്കാക്കുന്ന ഒരുരൂപ ആദ്യമേ നൽകണം. മുതൽ ഇനത്തിലുള്ള തുക അന്നുതന്നെ തിരിച്ചടയ്ക്കണം. വായ്പവിതരണത്തിനുള്ള തടസ്സങ്ങളും നടപടിക്രമങ്ങളും ഒഴിവാക്കാനാകുമെന്നതാണ് ഇതിന്റെ പ്രത്യേകത.

തിരിച്ചടവ് സുരക്ഷ എങ്ങനെ ഉറപ്പാക്കാനാകുമെന്നത് പരിശോധനയിലാണ്. വായ്പ നൽകുന്നയാൾക്ക് തന്നെ തിരിച്ചടവ് ഉത്തരവാദിത്വവും നൽകുക എന്നതാണ് ഇപ്പോൾ പരിഗണിക്കുന്ന രീതി. നേരിട്ട് പരിചയമുള്ള കച്ചവടക്കാർക്കും വഴിയോരവിൽപ്പനക്കാർക്കും റീകൂപ്പർമാർക്ക് പണം എളുപ്പം നൽകാനും തിരിച്ചുവാങ്ങാനുമാകും. രാവിലെ സാധനങ്ങൾ വാങ്ങാനുള്ള പണം റീകുപ്പർമാരിൽ നിന്ന് വാങ്ങുകയും അത് വിറ്റുകിട്ടുന്ന പണം കൊണ്ട് തിരിച്ചടയ്ക്കുകയും ചെയ്യുകയെന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഇതൊരു വിപ്ലവം

സഹകരണ ബാങ്കുകൾ കുറഞ്ഞ പലിശയ്ക്ക് ചന്തയിൽ തന്നെ വായ്പ നൽകുന്ന രീതിയുണ്ടാക്കിയാൽ അതൊരു വിപ്ലവം തന്നെയാകും. കൊള്ളപ്പലിശയാണ് ബ്ലേഡുകാർ ഈടാക്കാറ്.

എം.കെ. വിപിൻ, മത്സ്യവ്യാപാരി, കോഴിക്കോട്

എം. പി പദ്ധതികളെ ജി. എസ്. ടിയിൽ നിന്നൊഴിവാക്കണം

എംപിമാരുടെ പ്രദേശിക വികസനഫണ്ട് (എംപിലാഡ്) ഉപോഗിച്ചുള്ള പദ്ധതികളെ ചരക്ക്-സേവനനികുതിയിൽ (ജി.എസ്.ടി) നിന്ന് ഒഴിവാക്കണമെന്ന് പാർലമെന്റിന്റെ ധനകാര്യ സ്ഥിരം കമ്മിറ്റി ശുപാർശചെയ്തു. രാജ്യത്ത് എം.എൽ.എ ഫണ്ടിന് ജി.എസ്.ടി. ഇല്ലെന്നിരിക്കേ എംപിലാഡിന് മുകളിൽ ഇത് ചുമത്തുന്നത് ഒഴിവാക്കണമെന്നാണ് ബിജെപി നേതാവ് ഭർത്തൃഹരി മേഹ്താബ് അധ്യക്ഷനായ സമിതി നിർദ്ദേശിച്ചത്.

എംപിലാഡ് പദ്ധതികൾക്കായി പ്രതിവർഷം അഞ്ച് കോടി രൂപയാണ് ഓരോ എംപിമാർക്കും ലഭിക്കുന്നത്. ലോക്സഭാംഗങ്ങൾക്ക് തങ്ങളുടെ മണ്ഡലത്തിലും രാജ്യസഭാംഗങ്ങൾക്ക് അവർ തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തും നോമിനേറ്റഡ് അംഗങ്ങൾക്ക് രാജ്യത്തെവിടെ വേണമെങ്കിലും തുക ചെലവഴിക്കാം. എന്നാൽ, ജി.എസ്.ടി വലിയ ഭാരമാണ് എംപിലാഡ് പദ്ധതികൾക്കുമേൽ അടിച്ചേൽപ്പിക്കുന്നതെന്ന് എൻ.കെ പ്രേമചന്ദ്രനുൾപ്പെടെ അംഗമായ സമിതി വിലയിരുത്തി.

ജി.എസ്.ടി ഒഴിവാക്കുന്ന കാര്യം ധനമന്ത്രാലയവുമായി ചർച്ചചെയ്യാനുള്ള പദ്ധതി നിർദ്ദേശം തയ്യാറാക്കാൻ കേന്ദ്ര സ്ഥിതിവിവരക്കണക്ക്, പദ്ധതി നടപ്പാക്കൽ മന്ത്രാലയത്തോട് സമിതി ശുപാർശ ചെയ്തു. പ്രദേശത്തെ പദ്ധതികൾക്കായി ഉപയോഗപ്പെടുത്താവുന്ന കോടിക്കണക്കിന് രൂപയാണ് ജി.എസ്.ടി വഴി നഷ്ടമാവുന്നതെന്ന് എൻ.കെ. പ്രേമചന്ദ്രൻ എം.പി. പറഞ്ഞു. ജി.എസ്.ടി ഒഴിവാക്കണമെന്നത് കാലങ്ങളായി എം.പിമാർ ആവശ്യപ്പെട്ടുവരുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ലോക്സഭയിലെയും രാജ്യസഭയിലെയും 788 എം.പിമാർക്കായി പ്രതിവർഷം 3,940 കോടി രൂപയാണ് എംപിലാഡ് പദ്ധതിക്കായി വകയിരുത്തുന്നത്. ഇസാക്ഷി എന്ന പോർട്ടൽ വഴിയാണ് പദ്ധതിയുടെ നടത്തിപ്പിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നത്. ഈ പോർട്ടലുമായി ബന്ധപ്പെട്ടും ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

UGC Accredited (Phd)

കരസ്ഥമാക്കിയ

അഡ്വ. കെ.എസ്. ഹരിഹരന്

ആശംസകൾ !

UGC accredited (Phd) ഡോക്ടറേറ്റ് കരസ്ഥമാക്കിയ സെയിൽസ് ടാക്സ് വോയ്സിന്റെ സ്ഥിരം കോളമിസ്റ്റും കേരള ഹൈക്കോടതിയിലെ നികുതി, ബിസിനസ് നിയമങ്ങൾ, ഐ.പി.ആർ മേഖലയിലെ അഭിഭാഷകനായ കെ.എസ്. ഹരിഹരന് ആശംസകൾ നേരുന്നു.

കൊമേഴ്സിലും നിയമത്തിലും ബിരുദവും മാനേജ്മെന്റിലും നിയമത്തിലും ബിരുദാനന്തര ബിരുദവും ഉള്ള അഡ്വക്കേറ്റ് കെ.എസ് ഹരിഹരനെ യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷന്റെ അക്രെഡിറ്റേഷൻ ഉള്ള 'Phd' ബിരുദം കൂടി കരസ്ഥമായതിൽ സെയിൽസ് ടാക്സ് വോയ്സിന്റെ സർവ്വവിധ ആശംസകളും നേരുന്നു. ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളിലും ബിസിനസ്/ പ്രൊഫഷണൽ രംഗത്ത് ഇന്ത്യയിലും വിദേശത്തും പ്രമുഖ ഫോറങ്ങളിൽ ആയിരത്തിഅഞ്ഞൂറോളം നികുതി മാനേജ്മെന്റ് പ്രോഗ്രാമുകളിൽ ഫാകൾട്ടിആയി പങ്കെടുത്തിട്ടുണ്ട്.

സംശയവും മറുപടിയും

(5-ാം പേജിൽ നിന്ന് തുടർച്ച)

Q *: ജി.എസ്.ടി നിയമപ്രകാരം നൽകുകയും നികുതിയടയ്ക്കുകയും ചെയ്തുവന്ന എന്റെ പേരിൽ 2019-20 വർഷത്തേക്കു ഒരു അസസ്സ്മെന്റ് ഓർഡർ പുറപ്പെടുവിക്കുകയും ആയത് രജിസ്ട്രേഡ് തപാലിലായി എനിക്ക് ലഭിക്കുകയും ചെയ്തു. അതിനെതിരെ ഓൺലൈൻ ആയി അപ്പീൽ നൽകാൻ നോക്കിയപ്പോൾ ഓർഡർ ജി.എസ്.ടി പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടില്ലാതിരുന്നതിനാൽ സാധിച്ചില്ല. അതിനാൽ ഓൺലൈൻ ആയി അപ്പീൽ നൽകി. എന്നാൽ, അപ്പീലിനൊപ്പം നൽകേണ്ട 10% പ്രീ ഡെപ്പോസിറ്റ് മേൽപ്പറഞ്ഞ കാരണത്താൽ തന്നെ അടയ്ക്കാൻ സാധിച്ചില്ല. 10% പ്രീ-ഡെപ്പോസിറ്റ് നൽകിയില്ലെന്ന കാരണത്താൽ അപ്പീൽ നിരസിക്കുമെന്ന നോട്ടീസ് ലഭിച്ചപ്പോൾ വസ്തുത അപ്പീലധികാരിയെ അറിയിച്ചെങ്കിലും ആയതു പരിഗണിക്കാതെ ഉദ്യോഗസ്ഥൻ അപ്പീൽ നിരസിക്കുകയാണുണ്ടായത്. ഇതു ന്യായമാണോ? ഇതിനെതിരെ എനിക്കെന്ത് ചെയ്യാൻ പറ്റും.?*

(പി.പി. ജോർജ്ജ് നീലേശ്വരം)

A : ജി.എസ്.ടി നിയമപ്രകാരം ഉദ്യോഗസ്ഥൻ പുറപ്പെടുവി ക്കുന്ന എല്ലാ ഉത്തരവുകളും ജി.എസ്.ടി പോർട്ടലിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. ഇങ്ങനെ അപ്ലോഡ് ചെയ്താൽ മാത്രമേ ഓൺലൈൻ ആയി അപ്പീൽ നൽകാൻ സാധിക്കൂ. നോർമൽ ആയി നൽകിയ അപ്പിൽ 10% പ്രി ഡെപ്പോസിറ്റ് ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ നിരസിച്ചതിനാൽ ഉത്തരവ് അപ്ലോഡ് ചെയ്തിട്ടില്ലെന്നകാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും ഉത്തരവ് അപ്ലോഡ് ചെയ്യിക്കുകയും ചെയ്താൽ അങ്ങനെ അപ്ലോഡ് ചെയ്യുന്ന ഉത്തരവിനെതിരെ ഓൺലൈൻ ആയി അപ്പിൽനൽകാനും 10% പ്രിഡെപ്പോസിറ്റ് നടത്താനും സാധിക്കും. അസസ്സ്മെന്റ് ഓർഡർ അപ്ലോഡ് ചെയ്തിട്ടില്ലെന്ന് കാണിക്കാൻ പോർട്ടലിൽ നിന്നുള്ള ഒരു സ്ക്രീൻഷോട്ട് എടുത്തു സൂക്ഷിക്കുന്നതും നന്നായിരിക്കും.

* * * * * * * * * * * * * * * *

കെ. സുരേഷ് ബാബു എന്ന........

(15-ാം പേജിൽ നിന്ന് തുടർച്ച)

ആയിരുന്നു. ഭാര്യ രമണിയും മക്കളായ സുനീഷ്, സൂര്യ, ശ്രുതി എന്നിവർ ആശുപത്രിയിൽ കൂടെ ഉണ്ടായിരുന്നു. വി.വി പ്രദീപ്കുമാർ സാറും, ഇ ബാലകൃഷ്ണനും ഞാനും അദ്ദേഹത്തെ ആശുപത്രിയിൽ സന്ദർശിച്ചിരുന്നു. മുൻ എസ്.ടി.ഒ അപ്പുക്കുട്ടൻനായർ അടക്കമുള്ള പഴയകാല സഹപ്രവർത്തകർ പലരും ആശുപത്രിയിൽ സന്ദർശിച്ചിരുന്നു. അടുത്ത താമസക്കാരൻ കൂടിയായ അപ്പുക്കുട്ടൻ നായർ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി നിരന്തരം അറിയിച്ചു കൊണ്ടിരുന്നു. കോൺഗ്രസ് അനുഭാവിയായിരുന്നു സുരേഷ് ബാബു. പക്ഷെ തന്റെ കുടുംബമായി അദ്ദേഹം കണ്ടത് വാണിജ്യനികുതി വകുപ്പിനെയും ജീവനക്കാരെയുമായിരുന്നു. സർവീസ് കാലഘട്ടം മുഴുവൻ വകുപ്പിലെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രയത്നിച്ച ബഹുമാനപെട്ട കെ. സുരേഷ് ബാബുവിനു, എന്റെ ജ്യേഷ്ഠസഹോദരന് ഹൃദയവേദനയോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു

The taste you crave
Everest Bakers
Everest Bakers
Elampallor, Kundara P.O
SYDALI 9895659915 KISHORE 9446922711
SEDU 9895206245 ANZAR 9846567867
WHOLESALE & RETAIL
വിളമ്പരത്തിന്റെ നാട്ടിൽ രുചിയുടെ വിസ്മയവുമായി
എവറസ്റ്റ് ബേക്കേഴ്സ്
എവറസ്റ്റ് ബേക്കറിയുടെ എല്ലാ ഉത്പന്നങ്ങളും
മിതമായ നിരക്കിൽ എല്ലാ ദിവസവും ലഭിക്കുന്നു.
എല്ലാ ദിവസവും പ്രത്യേക ഓഫറുകളും
ഓണം, ക്രിസ്തുമസ്, റംസാൻ, വിഷു എന്നീ
വിശേഷ ദിവസങ്ങളിൽ വമ്പിച്ച വിലക്കുറവിൽ
Special പാക്കേജുകൾ
ccasion!
ഓർഡർ അനുസരിച്ചുള്ള പാക്കേജുകൾ ചെയ്ത് കൊടുക്കുന്നതുമാണ്
ഡെലിവറി തികച്ചും സൗജന്യം

റീഗൽ ജ്വല്ലേഴ്സിന്റെ
പുതിയഷോറൂം കണ്ണൂരിൽ തുറന്നു

റീഗൽ ജ്വല്ലേഴ്സിന്റെ പുതിയ ഷോറൂം കണ്ണൂരിലെ താവക്കരയിൽ മാനേജിങ് ഡയറക്ടർ വിപിൻ ശിവദാസിന്റെ മകൾ അനൈഷ ഉദ്ഘാടനം ചെയ്യുന്നു. റീഗൽ ജ്വല്ലേഴ്സ് ചെയർമാൻ ടി.കെ.ശിവദാസൻ, ക്ഷേമ ശിവദാസ്, വിപിൻ ശിവദാസ്, പല്ലവി നാംദേവ്, അവിയാൻ തുടങ്ങിയവർ സമീപം

സ്വർണാഭരണ ഹോൾസെയിൽ മാനുഫാക്ചറർ ആയ റീഗൽ ജ്വല്ലേഴ്സിന്റെ പുതിയ ഷോറൂം കണ്ണൂരിലെ താവക്കരയിൽ മാനേജിങ് ഡയറക്ടർ വിപിൻ ശിവദാസിന്റെ മകൾ അനൈഷ ഉദ്ഘാടനം ചെയ്തു.

മേയർ മുസ്‌ലിഹ് മഠത്തിൽ മുഖ്യാതിഥിയായി. റീഗൽ ജ്വല്ലഴ്സ് ചെയർമാൻ ടി.കെ.ശിവദാസൻ, ക്ഷേമ ശിവദാസ്, വിപിൻ ശിവദാസ്, പല്ലവി നാംദേവ്, അവിയാൻ തുടങ്ങിയവരും പങ്കെടുത്തു.

റീഗൽ ജ്വല്ലേഴ്സിൽ സ്വർണാഭരണങ്ങൾക്കും ഇന്റർനാഷനൽ സർട്ടിഫൈഡ് ഡയമണ്ട് ആഭരണങ്ങൾക്കും ഹോൾസെയിൽ പണിക്കൂലി മാത്രമാണ് ഈടാക്കുന്നത്.●

സി.എ.ജി. റിപ്പോർട്ട്

പൊതുമേഖലാസ്ഥാപനങ്ങൾ
ലാഭത്തിൽ 58എണ്ണം; നഷ്ടത്തിൽ 66

കൂടുതൽ ലാഭം കെ.എസ്.ഇ.ബിക്ക്, 736.27

സംസ്ഥാനത്ത് 58 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ. 66 എണ്ണം നഷ്ടത്തിലും. നാലെണ്ണം ലാഭമോ നഷ്ടമോ ഇല്ലാത്ത സ്ഥിതിയിൽ.

തൊട്ടുമുൻപത്തെ വർഷത്തെ അപേക്ഷിച്ച് മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾകൂടി നഷ്ടത്തിലേക്കു പോയി. പൊതുമേഖലാസ്ഥാപനങ്ങളുടെ, കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലാണ് കണക്കുകളുള്ളത്. റിപ്പോർട്ട് നിയമസഭയിൽവെച്ചു. 2022 ഒക്ടോബർ മുതൽ 2023 സെപ്റ്റംബർവരെയുള്ള കണക്കാണിത്.

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ, 2020-21 വർഷം 68 സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നു. ഇവയുടെ അറ്റനഷ്ടം 16,651 കോടിരൂപയും. ഈ നഷ്ടം 2021-22ൽ 8047 കോടിയായി കുറച്ചു. എന്നാൽ, സി.എ.ജി. യുടെ പുതിയകണക്കനുസരിച്ച് നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ അറ്റനഷ്ടം 10,834 കോടിയായി ഉയരുകയാണുചെയ്തത്. കെ.എസ്.ആർ.ടി.സിയുടെ നഷ്ടം 1000 കോടിക്കുമുകളിലാണ്.

44 പൊതുമേഖലാസ്ഥാപനങ്ങളുടെ മൂലധനനിക്ഷേപത്തെക്കാൾ കൂടുതലാണ് അവയുടെ മൊത്തം നഷ്ടം. ഈ സ്ഥാപനങ്ങളുടെ മൊത്തം കടം 430.63 കോടിയും അവയുടെ മൊത്തം ആസ്തി 1499.98 കോടി യുമാണ്.

ലാഭത്തിലുള്ള സ്ഥാപനങ്ങളുടെ മൊത്തം ലാഭത്തിന്റെ 61.50 ശതമാനവും കെ.എസ്.ഇ.ബി.യുടെയും കെ.എഫ്.സിയുടെയും വിഹിതമാണ്. 736.27 കോടിയാണ് കെ.എസ്.ഇ.ബിയുടെ ലാഭം. കെ.എഫ്.സിക്ക് 105.49 കോടി ലാഭമുണ്ട്.

'ചോദ്യപ്പെട്ടി'

ചോദ്യം: ഞാൻ ഒരു ടാക്സ്പ്രാക്ടീഷണർ ആണ്. ഹോട്ടലുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന റെസ്റ്റാറന്റ് സേവനങ്ങളിൽ 01-04-2025 മുതൽ നികുതിനിരക്കിൽ മാറ്റങ്ങൾ വരുന്നു എന്ന് അറിഞ്ഞു. ഇക്കാര്യത്തിൽ എന്ത് മാറ്റങ്ങളാണ് വന്നിട്ടുള്ളത് എന്നും, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്നും വിശദീകരിക്കാമോ ?

- കെ. മുഹമ്മദ്, കൊണ്ടോട്ടി

ഉത്തരം: GST Notification No.5/2025/ CT (Rate) പ്രകാരം ഹോട്ടലുകളുമായി (accommodation service) ചേർന്ന്പ്രവർത്തിക്കുന്ന റെസ്റ്റാറന്റുകളുടെ ഭക്ഷണപാനീയ വിതരണത്തിനുമേൽ ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ചിലമാറ്റങ്ങളും, നടപടിക്രമങ്ങളും 2025 ഏപ്രിൽ ഒന്ന് മുതൽ നിർദ്ദേശിച്ചിട്ടുണ്ട്.

മുൻപ് ഇത്തരത്തിൽ പ്രവർത്തിക്കുന്ന റെസ്റ്റാറന്റുകളുടെ ഭക്ഷണ പാനീയ നികുതിനിരക്ക് നിശ്ചയിച്ചിരുന്നത്, പ്രസ്തുത ഹോട്ടലുകളുടെ റൂം അക്കോമഡേഷൻ താരിഫ് നോക്കിയായിരുന്നു.

അതനുസരിച്ച് ഡിക്ലറേഡ് റൂം താരിഫ് ഒരു റൂമിന് 7500/-ൽ മുകളിൽ വരുന്ന സാഹചര്യത്തിൽ റെസ്റ്റോറന്റ് സേവനങ്ങൾക്ക് 18% ജി.എസ്.ടി.യും, ഡിക്ലേഡ് താരിഫ്നിരക്ക് 7500/-ന് താഴെവരുന്ന സാഹചര്യത്തിൽ റെസ്റ്റാറന്റ് സേവനങ്ങൾക്ക് 5% ജി.എസ്.ടി യുമാണ് ചുമത്തിയിരുന്നത്.

പുതിയ മാറ്റങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് ഡിക്ലേഡ് താരിഫ് എന്ന പദം ഒഴിവാക്കുകയും പകരം സ്പെസിഫൈഡ് പ്രിമിസസ് എന്ന പദം കൊണ്ടുവരികയും ചെയ്തിരിക്കുന്നു എന്നതാണ്. ഇതനുസരിച്ച് സ്പെസിഫൈഡ് പ്രിമിസസ് എന്ന ക്ലാസിഫിക്കേഷൻ എടുക്കുന്ന ഹോട്ടലുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റെസ്റ്റാറന്റ് സേവനങ്ങൾക്ക് 18% ജി.എസ്.ടി എന്നും അല്ലാത്തവക്ക് 5% ജി.എസ്.ടി എന്നും നിരക്കുകൾ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

(എ): സ്പെസിഫൈഡ്ക്ലാസിഫിക്കേഷൻ എങ്ങനെയാണ് നിശ്ചയിക്കുന്നത്. ഇതിൽ ടാക്സ് പെയർ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ ?

ഉത്തരം: ഒരു ഹോട്ടൽ നേരത്തെ ഉണ്ടായിരുന്ന ഉയർന്ന ഡിക്ലേഡ്താരിഫിനു പകരം സ്പെസിഫൈഡ് പ്രിമിസസ് ആയിമാറുന്നതിന് താഴെപറയുന്ന മൂന്ന് സാഹചര്യങ്ങൾ ഉണ്ട്.

- ഒരു വർഷക്കാലയളവിനുള്ളിൽ റൂമിന് വാടകയായി 7500-ൽ കൂടുതൽ വാങ്ങിയിട്ടുണ്ടെങ്കിൽ. (കേവലം ഒരുപ്രാവശ്യം മാത്രം ആണെങ്കിലും) പ്രസ്തുത ഹോട്ടൽ സ്വയം സ്പെസിഫൈഡ് കാറ്റഗറിയായി മാറും.
- വാടക എത്രയായാലും ഹോട്ടൽ സ്പെസി ഫൈഡ്കാറ്റഗറി ആക്കാനും അതുവഴി അനുബന്ധമായി പ്രവർത്തിക്കുന്ന റെസ്റ്റാറന്റ് സേവനങ്ങൾ 18% ആക്കാനും ആഗ്രഹിക്കുന്ന നികുതിദായകന് പുതിയ അനക്സർ V11 ഡിക്ലറേഷൻ ഫയൽ ചെയ്യുക വഴിയും.
- അക്കോമഡേഷൻ സേവനങ്ങൾക്കായി പുതിയ രജിസ്ട്രേഷൻ എടുക്കുന്ന ഹോട്ടലുകൾക്ക് അനക്സർ V111 ഡിക്ലറേഷൻ ഫയൽ ചെയ്യുക വഴിയും സ്പെസിഫൈഡ്കാറ്റഗറി സ്വയം തിരഞ്ഞെടുക്കാനും അനുബന്ധമായി പ്രവർത്തിക്കുന്ന റെസ്റ്റാറന്റ് സേവനങ്ങൾക്ക് 18% ജി.എസ്.ടി. തെരഞ്ഞെടുക്കാനും കഴിയും.

(ബി): സ്പെസിഫൈഡ്കാറ്റഗറി തെരഞ്ഞെടുക്കേണ്ട സാഹചര്യങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം: ഇവിടെ ആദ്യം മനസ്സിലാക്കേണ്ടത് മേൽപ്പറഞ്ഞ സ്പെസിഫൈഡ് പ്രിമിസസ് കാറ്റഗറി നിശ്ചയിക്കുന്നത് വാർഷിക കാലയളവ്കണക്കിനാണ്. ഒരു ഹോട്ടലിന്റെ റൂം സർവ്വീസ് നിരക്ക് 7500/-ൽ താഴെ ആയതിനാൽ അദ്ദേഹം സ്പെസിഫൈഡ് പ്രിമിസസ്ഡിക്ലറേഷൻ കൊടുക്കാ

തെ അനുബന്ധമായിപ്രവർത്തിക്കുന്ന റെസ്റ്റാറന്റ് സേവനങ്ങൾക്ക് 5% നികുതി ഈടാക്കുകയും ചെയ്യുന്നു എന്ന് കരുതുക. പ്രസ്തുത സ്ഥാപനം സാമ്പത്തിക വർഷം ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കേവലം ഒരു റൂമിന് എങ്കിലും 7500/-ൽ കൂടുതൽ വാടക വാങ്ങിയാൽ, റെസ്റ്റാറന്റ സേവനങ്ങൾക്ക് ആ വർഷം മൊത്തം കാലയളവിലെ ടേണോവറിൽ 18% നികുതിബാദ്ധ്യതവരും. ഇത് 5% നികുതിമാത്രം അടച്ച മുഴുവൻ കാലയളവിലും 18% നികുതിയും, പലിശയും, പിഴയും അടക്കേണ്ട സ്ഥിതിവിശേഷം സൃഷ്ടിക്കും.

സാധാരണ റൂംവാടക 7500/– ൽ താഴെയും, ഒറ്റപ്പെട്ട വിശേഷസാഹചര്യങ്ങളിൽ റൂംവാടക 7500– ന് മുകളിൽ വരികയും ചെയ്യുന്ന സാഹചര്യം ഉണ്ടെങ്കിൽ ഇത്തരം വ്യാപാരികൾക്ക് ഡിക്ലറേഷൻ നല്കി ഒരു സാമ്പത്തിക വർഷാരംഭം മുതൽ 18% നികുതി പിരിക്കാനും, അർഹമായ ഇൻപുട്ടാക്സ് ഇളവ് നേടാനും സഹായിക്കും. കൂടാതെ നികുതിത്തുക ഉയർന്ന പലിശയും, പിഴയുംവഴി പിന്നീട് അടക്കേണ്ട ദുസ്ഥിതി ഒഴിവാക്കാനും ഈ തിരിച്ചറിവ് സഹായിക്കും.

പല ടൂറിസ്റ്റ്കേന്ദ്രങ്ങളിലും, ഉത്സവ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന ഹോട്ടലുകൾ സീസൺ മാറുന്നതിനനുസരിച്ച് റൂം നിരക്കിൽ മാറ്റംവരുത്താറുണ്ട്. ഇത്തരം സ്ഥാപനങ്ങൾ പുതിയമാറ്റം അറിഞ്ഞിരിക്കേണ്ടതാണ്.

(സി): ഇത്തരംഡിക്ലറേഷൻ നല്കിയാൽ ഇതിന്റെ കാലാവധി എന്നുവരെയാണ് ?

ഉത്തരം: ഒരിക്കൽ ഈ പദ്ധതിയിൽ ഓപ്ഷൻ കൊടുത്താൽ പിന്നീട് പ്രസ്തുത ഓപ്ഷൻ പിൻവലിക്കുന്നതുവരെ സ്പെസിഫൈഡ് പ്രിമിസസ് എന്ന സ്റ്റാറ്റസ് നിലനില്ക്കും.

(ഡി): പ്രസ്തുത ഓപ്ഷൻ എപ്പോൾ വേണമെങ്കിലും കൊടുക്കാൻ കഴിയുമോ ?

ഉത്തരം: ഇല്ല. ഓപ്ഷൻ ഇൻ ഡിക്ലറേഷൻ ആയാലും, ഓപ്ഷൻ ഔട്ട് ഡിക്ലറേഷൻ ആയാലും അടുത്ത ഫിനാൻഷ്യൽ ഇയർ ആരംഭിക്കുന്നതിനു മ്പ് (ജനുവരി – മാർച്ച്) ഫയൽ ചെയ്യണം. ഒരു ഫിനാൻഷ്യൽ ഇയറിന്റെ ഇടക്ക് വെച്ച് ഓപ്റ്റ് ഇൻ/ ഓപ്റ്റ്ഔട്ട് ചെയ്യാൻ കഴിയില്ല.●

അസ്സോസിയേഷൻ ഓഫ് ടാക്സ് പ്രാക്ടീഷണേഴ്സ് കോട്ടയം ജില്ലാഭാരവാഹികൾ

പ്രസിഡന്റ്
പി.ജി ഗോവിന്ദൻ നമ്പൂതിരി

സെക്രട്ടറി
പി.ടി അനിൽ കുമാർ

കവിത

സത്യവും മിഥ്യയും

എസ്. എൻ പുരം വാമദേവൻ

എന്റെ കണ്ണുതുറന്നുഞാൻ കണ്ടതെല്ലാം സത്യം
എന്റെ സത്യങ്ങൾഞാൻ ചൊല്ലിയപ്പോളതു മിഥ്യ
എന്റെ കണ്ണുകൾ ദിനം വിലപിക്കയാണിന്നും
എന്റെ സത്യങ്ങൾ ഞാൻ ആരോടു ചൊല്ലുവാൻ

ഏറെ വൈകിയാണെങ്കിലും സത്യം ഞാൻ കണ്ടെത്തി–
എന്റെ അടങ്ങാത്ത രോഷമുണരുന്നു അനുദിനം
എന്റെ മനസ്സിന്റെ രോദനം കേൾക്കുവാൻ
എന്റെ സത്യം കാണാൻ ഞാനുമെൻ നിഴലും മാത്രം

എന്റെ സത്യം തെളിയിക്കാൻ ന്യായകോടതിയില്ല സാക്ഷിയില്ല
എന്റെ സത്യം കുരിശ്ശിൽ കിടക്കട്ടെ ! കുഴിച്ചുമൂടട്ടെ മാന്യർ !
എന്റെ കണ്ണുകൾ പൂട്ടിച്ചെവികളടച്ചു വാ മൂടി –
എത്ര നാൾ സത്യം മറയ്ക്കാം മനസ്സേ പറയൂ ഞാനിനിയും ?

The Hive
Maram Resort
Mystic Mayapo
The Valle
Haze & Kites
Amber Dale
Greenwoods Resort
KONDODY HOTELS
www.kondodyhotels.com
+91 92075 57222
GREENWOODS
AMBER DALE
MYSTIC
THE VALLE
THE HIVE

MAKS
MAKS Automation Private Limited
Neduvathoor, Neeleswaram.P.O
Kottarakkara, Kollam, Kerala
P: +91-9567441356 | E: info@maksautomation.com
W: www.maksautomation.com
YOUR COMPLETE PACKAGING SOLUTIONS PARTNER
SHRINK WRAPPING MACHINES
SHRINK TUNNELS
CASE ERECTOR/PACKER
LABELLING MACHINE
SLEEVE APPLICAT
CONVEYOR SYS
SHRINK WRAPPING MACHINES
SHRINK TUNNELS
CARTON ERECTOR
LABELING SYSTEM
CONVEYOR SYSTEMS
We Make Machines, YOU Make Us Special

പൊതുമേഖലാ കമ്പനികളിൽനിന്ന് സർക്കാരിനുള്ള

ലാഭവിഹിതം 70,000 കോടിയിലേക്ക്

ഏറ്റവുമധികം ലാഭവിഹിതം കൈമാറിയത് "കോൾ ഇന്ത്യ"

നടപ്പുസാമ്പത്തികവർഷം പൊതുമേഖലാ കമ്പനികളിൽനിന്ന് കേന്ദ്രസർക്കാരിനുള്ള ലാഭവിഹിതം പുതിയ ഉയരത്തിൽ. മാർച്ച് 25 വരെയുള്ള കണക്കനുസരിച്ച് 69.873 കോടി രൂപയാണ് സർക്കാരിനുലഭിച്ചത്.

ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുൻപായി ഇത് 70,000 കോടി കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2023-24 സാമ്പത്തിക വർഷം 63,749.3 കോടിരൂപയായിരുന്നു ഈയിനത്തിൽ സർക്കാരിന്റെ വരുമാനം. ഇതുവരെ ഒരുവർഷം ലഭിച്ചിട്ടുള്ളതിൽ ഏറ്റവുമുയർന്ന ലാഭവിഹിതമാണിത്.

2024-25 സാമ്പത്തികവർഷം ഇത് മറികടന്നിട്ടുണ്ട്. 2022-23ൽ 59,533 കോടിരൂപയായിരുന്നു ലാഭവിഹിതം.

2024-25 സാമ്പത്തികവർഷം "കോൾ ഇന്ത്യ"യാണ് ഏറ്റവുമധികം ലാഭവിഹിതം കേന്ദ്രത്തിന് കൈമാറിയത്. 10,252.09 കോടി രൂപ. രണ്ടാമതുള്ള ഒഎൻജിസി 10,001.97 കോടിരൂപ കൈമാറി. ഭാരത് പെട്രോളിയം (3662.47 കോടി), ടെലികമ്യൂണിക്കേഷൻസ് കൺസൾട്ടന്റ്സ് ഇന്ത്യ (3761.50 കോടി), ഹിന്ദുസ്ഥാൻ സിങ്ക്(3619.06 കോടി) തുടങ്ങിയവയും ഉയർന്ന തുക കൈമാറിയിട്ടുണ്ട്.

കഴിഞ്ഞവർഷം കേന്ദ്ര പൊതുമേഖലാ കമ്പനികളുടെ ലാഭവിഹിത വിതരണനയം സർക്കാർ പരിഷ്കരിച്ചിരുന്നു. ഇതനുസരിച്ച് കമ്പനികൾ നികുതി കഴിച്ചുള്ള ലാഭത്തിന്റെ 30 ശതമാനം അല്ലെങ്കിൽ മൊത്തം ആസ്തിയുടെ നാലുശതമാനം, ഏതാണോ കൂടുതൽ അത് ചുരുങ്ങിയ ലാഭവിഹിതമായി സർക്കാരിനുനൽകേണ്ടതുണ്ട്.

നടപ്പുസാമ്പത്തികവർഷം 56,260 കോടിരൂപയായിരുന്നു പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുള്ള ലാഭവിഹിതമായി സർക്കാർ പ്രതീക്ഷിച്ചിരുന്നത്. രാജ്യത്ത് നിലവിൽ 272 പൊതുമേഖലാ കമ്പനികൾ പ്രവർത്തിക്കുന്നതായാണ് കണക്ക്.

ഇതിൽ 212 എണ്ണം ചേർന്ന് 2023-24 സാമ്പത്തികവർഷം ആകെ 3.43 ലക്ഷം കോടിരൂപയുടെ ലാഭം സ്വന്തമാക്കിയിരുന്നു. 2022-23 സാമ്പത്തിക വർഷമിത് 2.18 ലക്ഷം കോടി രൂപയായിരുന്നു. 48 ശതമാനമായിരുന്നു വർധന.

സഹകരണസംഘങ്ങളുടെ ജി.എസ്.ടി

കേന്ദ്രധനമന്ത്രിയെ കാണുമെന്ന് കോട്ടയം എംപി

സഹകരണസംഘങ്ങൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന ചരക്ക്സേവനനികുതി (GST) പ്രശ്നത്തിൽ കേന്ദ്രധനമന്ത്രി നിർമലാ സീതാരാമനെ കാണുമെന്ന് ഫ്രാൻസിസ് ജോർജ് എം.പി പറഞ്ഞു. മന്ത്രിക്കു കത്തുനൽകുമെന്നും അദ്ദേഹം പറഞ്ഞു.

സഹകരണസംഘങ്ങളുടെ പ്രതിമാസ നിക്ഷേപ പദ്ധതികളുൾപ്പെടെയുള്ള സേവനങ്ങൾക്ക് 2017 മുതൽ മുൻകാലപ്രാതിനിധ്യത്തോടെ ജി.എസ്.ടി ചുമത്താനുള്ള തീരുമാനം പിൻവലിക്കണമെന്നും സംഘങ്ങളെ ജി.എസ്.ടി യിൽനിന്ന് ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടത്. ചർച്ചയ്ക്കു മറുപടി പറഞ്ഞ ധനമന്ത്രി പക്ഷേ, ജി.എസ്.ടി വിഷയത്തിൽ പ്രതികരിച്ചില്ല. അതിനാലാണ് മന്ത്രിയെ കാണുന്നത്.

ക്ലബ്ബുകളും സംഘങ്ങളും പോലുള്ള സ്ഥാപനങ്ങൾ അംഗങ്ങൾക്കു നൽകുന്ന സേവനങ്ങൾക്ക് നികുതി ചുമത്തരുതെന്ന് സുപ്രീംകോടതി വിധിയുണ്ട്. കൊൽക്കത്ത ക്ലബ്ബ് കേസിലായിരുന്ന വിധി. സഹകരണസംഘങ്ങൾക്കും ഈ വിധി ബാധകമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. എന്നാൽ, 2021ലെ ധനകാര്യ നിയമഭേദഗതിയിലൂടെ കേന്ദ്ര സർക്കാർ സുപ്രീംകോടതിവിധിയെ മറികടന്നു. ക്ലബ്ബും സംഘങ്ങളും പോലുള്ള സ്ഥാപനങ്ങളും അതിലെ അംഗങ്ങളും രണ്ടു വ്യക്തികളാണെന്നും അതിനാൽ അവർ തമ്മിലുള്ള ഇടപാടുകൾക്ക് നികുതി ഈടാക്കാമെന്നുമാണ് നിയമഭേദഗതിയിലുള്ളത്. ഇതിന്റെ പേരിലാണ് സംഘങ്ങളുടെ ഇടപാടുകാർക്ക് GST നിർബന്ധമാക്കിയിരിക്കുന്നത്

അഭിമാനത്തോടെ കർഷകർക്കായി സമർപ്പിക്കുന്നു....
MOOLECHALIL TEAK CLUB
MEMBERSHIP CARD
OUR PLANTS ASSISTANCE BUY BACK
"ഇനി അതുമിതും അന്വേഷിക്കേണ്ട എല്ലാം ഞങ്ങൾക്കുണ്ട്...
തൈയുടെയും തടിയുടെയും അവസാനവാക്ക്."
മൂലേച്ചാലിൽ
ബയോടെക്
9-ാം വർഷത്തിലേയ്ക്ക്
ടിഷ്യുകൾച്ചർ
തേക്ക് തൈകളും
മരവളങ്ങളും
അതിവിശിഷ്ട വളർച്ചയുള്ള
സ്വന്തം മാതൃവൃക്ഷങ്ങളിൽ നിന്ന്
തൈകൾ ഉദ്പാദിപ്പിക്കുന്ന ഏക സ്ഥാപനം
തേക്കിനായി മാത്രം വളങ്ങൾ
ഉദ്പാദിപ്പിച്ച ആദ്യ സ്ഥാപനം
കേരളത്തിലെ ആദ്യ
ടിഷ്യുകൾച്ചർ
തേക്ക് നഴ്സറി
9744233001
9447302281
9446126343
1 ഏക്കർ 200 റബ്ബർ X 23 വർഷം = 6 ലക്ഷം രൂപ
1 ഏക്കർ 200 തേക്ക് X 23 വർഷം = 1 കോടി രൂപ
കേരളത്തിലെ ആദ്യ ടിഷ്യുകൾച്ചർ തേക്കിൻ തോട്ടങ്ങളും
കൂറ്റൻ മാതൃവൃക്ഷങ്ങളും നേരിൽ കാണുവാൻ ക്ഷണിക്കുന്നു.
ഞങ്ങളുടെ തൈകൾ വയ്ക്കൂ...
തടികൾ വാങ്ങാൻ ഞങ്ങളുടെ ഫാക്ടറികളുണ്ട്.
ഇന്ത്യയിൽ മറ്റാർക്കും നൽകാൻ കഴിയാത്ത
BUY BACK GAURANTEE
ഇന്ത്യയിൽ ഏറ്റവുമധികം ടിഷ്യുകൾച്ചർ തേക്കിൻ തൈകൾ
വിൽക്കുകയും തടികൾ തിരിച്ചെടുക്കുകയും ചെയ്യുന്ന ഏകസ്ഥാപനം
An ISO 9001-2015 Certified Nursery
MOOLECHALIL BIOTECH
TISSUE CULTURE TEAK NURSERY
Erattupetta, 6th Mile (Pala Road).
WhatsApp: 9447662405, 8075080231, 8590298587
www.keralatimbers.com

ആശംസകളോടെ...
കേരളത്തിലെ
ഏറ്റവും വലിയ
ഫർണിച്ചർ ഷോറൂം..
Free Delivery ACROSS SOUTH INDIA
SUNITHA FURNITURE
SINCE 1995
THAVAKKARA, KANNUR. Ph: 0497 2713474
ULIYIL, IRITTY. Ph: 0490 2435070
CPS

വഴിയോരക്കച്ചവടം നിരോധിക്കണമെന്ന് വ്യാപാരി–വ്യവസായി ഏകോപനസമിതി

വിവിധ ആവശ്യങ്ങളുന്നയിച്ച് വ്യാപാരി–വ്യവസായി ഏകോപനസമിതി നടത്തിയ കലക്ടറേറ്റ് മാർച്ച്

വ്യാപാരമേഖലയെ തകർക്കുന്ന വഴിയോരക്കച്ചവടം നിരോധിക്കണമെന്ന് വ്യാപാരി–വ്യവസായി ഏകോപന സമിതി പ്രസിഡന്റ് രാജു അപ്സര. വഴിയോരക്കച്ചവടം നിരോധിക്കണമെന്നാവശ്യപ്പെട്ടു സമിതി ജില്ലാകമ്മിറ്റി നടത്തിയ കളക്ടറേറ്റ് ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡന്റ് എം.കെ. തോമസുകുട്ടി അധ്യക്ഷനായി. ജനറൽ സെക്രട്ടറി എ.കെ. എൻ. പണിക്കർ, ട്രഷറർ സജി ജോസഫ്, വൈസ് പ്രസിഡന്റുമാരായ എ.എം.എ ഖാദർ, വി.സി. ജോസഫ്, കെ.ജെ. മാത്യൂ, പി. ശിവദാസ്, സെക്രട്ടറിമാരായ ഗിരീഷ് കോനാട്, ടോമിച്ചൻ അയ്യരുകുളങ്ങര, എബി സി. കുര്യൻ, എം.എ അഗസ്റ്റിൻ, പി.എസ്. കുര്യാച്ചൻ, ബെന്നിച്ചൻ കുട്ടൻചിറ, സെക്രട്ടറിയേറ്റ് അംഗങ്ങളായ കെ.എ. അബ്ദുൾ അസീസ്, കെ.എം. മാത്യൂ, ജിന്റു കുര്യൻ, ഷാജി ഏബ്രഹാം, സജിമോൻ കെ. മിറ്റത്താനി തുടങ്ങിയവർ പ്രസംഗിച്ചു.

അസംഘടിതമേഖലയിലെ തൊഴിലാളികൾക്കും ചെറുകിട വ്യാപാരികൾക്കും കേന്ദ്രപെൻഷൻ പദ്ധതിയിൽ ചേരാം

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ചെറുകിടവ്യാപാരികൾക്കുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പെൻഷൻ പദ്ധതിയിൽ ചേരുന്നതിന് തൊഴിൽ വകുപ്പ് സൗകര്യമൊരുക്കുന്നു.

18 മുതൽ 40 വയസ്സ് വരെ പ്രായമുള്ളവർക്കാണ് അവസരം. അസംഘടിത തൊഴിലാളികൾക്ക് 3000 രൂപ മിനിമം പെൻഷൻ ഉറപ്പ് നൽകുന്നു. പെൻഷണർ മരിച്ചാൽ പങ്കാളിക്ക് കുടുംബപെൻഷൻ ലഭിക്കും.

അംഗമായി ചേരുന്നവർക്ക് പദ്ധതിയിൽ നിന്ന് പിന്മാറാനും വ്യവസ്ഥകൾക്ക് വിധേയമായി പണം തിരികെ ലഭിക്കുന്നതിനും സൗകര്യമുണ്ട്. തൊഴിലാളികൾക്കായുള്ള പ്രധാനമന്ത്രി ശ്രം യോഗിമാൻ ധൻ യോജന, ചെറുകിട വ്യാപാരികൾക്കായുള്ള നാഷണൽ പെൻഷൻ സ്കീം ഫോർ ട്രേഡേഴ്സ് എന്നീ പദ്ധതികളിൽ അംഗമാകുന്നതിനായി തൊഴിൽവകുപ്പ് സൗജന്യ രജിസ്ട്രേഷൻ ക്യാമ്പ് നടത്തി.

ആഗോളസമ്പന്നപട്ടികയിൽ നിന്ന്
മുകേഷ്അംബാനി ഔട്ട്

ലോകത്തിലെ അതിസമ്പന്നരായ ആദ്യ പത്ത്പേരുടെ പട്ടികയിൽ നിന്ന് റിലയൻസ് ഇൻഡസ്ട്രീസ് ഉടമ മുകേഷ് അംബാനി പുറത്തായി. 'ഹുറൂൺ റിച്ച്' ലിസ്റ്റ് 2025ൽ ഏഷ്യയിലെ ഏറ്റവും വലിയ കോടിശ്വരനെന്ന സ്ഥാനം ഇത്തവണയും മുകേഷ് അംബാനി നിലനിറുത്തി കടം കൂടിയതോടെ മുകേഷ് അംബാനിയുടെ ആസ്തിയിൽ മുൻവർഷത്തേക്കാൾ ഒരു ലക്ഷം കോടിരൂപയുടെ കുറവുണ്ടായെന്ന് ഹുറൂൺ റിപ്പോർട്ടിൽ പറയുന്നു. ടെസ്‌ലയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇലോൺ മസ്കാണ് ഇത്തവണയും പട്ടികയിൽ 1-ാം സ്ഥാനത്ത്. മസ്കിന്റെ ആസ്തി മുൻ വർഷത്തേക്കാൾ 82% ഉയർന്ന് 42,000 കോടി ഡോളറായി. ആമസോണിന്റെ ജെഫ്ബസോസ്, ഫേസ്ബുക്ക് സഹസ്ഥാപകൻ മാർക്ക് സുക്കർബെർഗ്, ഒറക്കിളിന്റെ ലാറി എലിസൺ, ആഗോള നിക്ഷേപകൻ വാറൻ ബഫറ്റ് എന്നിവരാണ് ആദ്യ അഞ്ച് സ്ഥാനങ്ങളിലുള്ളത്. സമ്പന്നരുടെ എണ്ണത്തിൽ മൂന്നാംസ്ഥാനത്തുള്ള ഇന്ത്യയിൽ മൊത്തം 284 ശതകോടീശ്വരന്മാരാണുള്ളത്. പുതുതായി 13 പേർ ഇന്ത്യയിൽ നിന്ന് ഉൾപ്പെട്ടു.

എന്നാൽ ഏഷ്യയിൽ ഒന്നാമൻ മുകേഷ്

> "ടെസ്‌ലയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇലോൺ മസ്കാണ് ഇത്തവണയും പട്ടികയിൽ ഒന്നാം സ്ഥാനത്ത്.

ചരിത്രംകുറിച്ച് റോഷ്ണിനാടാർ

ലോകത്തിൽ ഏറ്റവും കൂടുതൽ ആസ്തിയുള്ള പത്ത് വനിതകളുടെ പട്ടികയിൽ. HCL ടെക്നോളജീസിന്റെ റോഷ്ണി നാടാർ 5-ാം സ്ഥാനത്തെത്തി ചരിത്രം കുറിച്ചു. ഇതാദ്യമായാണ് അതിസമ്പന്നന്ന വനിതകളുടെ ആഗോള പട്ടികയിൽ ഏഷ്യയിൽ നിന്നൊരാൾ ഇടംപിടിക്കുന്നത്. HCL ല്ലിലെ 47% ഓഹരികൾ അച്ഛൻ ശിവ്നാടാർസമ്മാനമായി നൽകിയതോടെ റോഷ്ണിയുടെ ആസ്തി 3.5 ലക്ഷം കോടി രൂപയായി (4,000 കോടി ഡോളർ) ഉയർന്നു. വാൾമാർട്ടിന്റെ ആലീസ് വാൾട്ടൻ 10,200 കോടി ഡോളർ ആസ്തിയുമായി വനിതകളുടെ പട്ടികയിൽ ഒന്നാമതെത്തി. പട്ടികയിൽ 8 അമേരിക്കക്കാർക്കും ഒരു യൂറോപ്യനും ഒപ്പമാണ് റോഷ്ണി നാടാർ ഇടം നേടിയത്

ഹുറൂൺ ശതകോടീശ്വര പട്ടികയിൽ ഇന്ത്യൻ മുന്നേറ്റം

ഇന്ത്യയിലെ അതിസമ്പന്നർ	ആസ്തി
1. മുകേഷ് അംബാനി	8.6 ലക്ഷം കോടി രൂപ
2. ഗൗതം അദാനി	8.4 ലക്ഷം കോടി രൂപ
3. റോഷ്ണി നാടാർ	3.5 ലക്ഷം കോടി രൂപ
4. ദിലീപ് സാങ്‌വി	2.5 ലക്ഷം കോടി രൂപ
5. അസിം പ്രേംജി	2.2 ലക്ഷം കോടി രൂപ
6. കുമാർ മംഗലം ബിർള	2 ലക്ഷം കോടി രൂപ
7. സൈറസ് പൂനാവാല	2 ലക്ഷം കോടി രൂപ
8. നീരജ് ബജാജ്	1.6 ലക്ഷം കോടി രൂപ
9. രവി ജയ്പുര	1.4 ലക്ഷം കോടി രൂപ
10. രാധാകൃഷ്ണൻ ധമാനി	1.4 ലക്ഷം കോടി രൂപ

ആശംസകളോടെ...
PALATHRA
FASHION
JEWELLERS
ഞങ്ങളുടെ സ്വർണ്ണം നിങ്ങളുടെ സ്നേഹം പോലെ പരിശുദ്ധം
Post Office Jn Punalur 0475 2222849
40 YEARS of Purity and Trust
Palathra Group Since 1949
ആത്മബന്ധങ്ങൾ പൊന്നുപോലെ
പൊള്ളയായ വാഗ്ദാനങ്ങളോ കബളിപ്പിക്കുന്ന പരസ്യങ്ങളോ ഇല്ല. സംശുദ്ധമായ HUID ആഭരണങ്ങൾ ഏറ്റവും മിതമായ പണിക്കൂലിയിൽ നൽകുന്നു അന്നും.. ഇന്നും..
Trendy Lightweight Collections
Exclusive Diamond Designs
100% Buy Back Guarantee
വിവാഹ പാർട്ടികൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട്
അഡ്വാൻസ് ബുക്കിംഗ് സൗകര്യം
PALATHRA FASHION
BOUTIQUE
CURATED WITH PASSION
EXCLUSIVE SAREES
KURTI SET
SALWAR MATERIALS
DUPATTAS
Post office Jn Punalur
9400442839
shoponline.gia
Palathra Fashion Boutique
Our Brand gia also available at Kochi, Kottayam &Thiruvalla

April 2025 Vol:35 Issue - 4

SALES TAX VOICE
Monthly
Published on 30th **APRIL 2025**

RNI: No. 44765/90 (REVISED)
PRICE RS. 25/-

Printed & Published by P. Purushothaman on behalf of Kerala State Agricultural Income Tax & Sales Tax Departmental Staff Association and Printed at MANGALAM PUBLICATIONS (INDIA) PVT.LTD., Building No.270, Ward No.VI, SH Mount.P.O., Kottayam, Kerala-686006 and Published by General Secretary, Agricultural Income Tax & Sales Tax Departmental Staff Association, House No.VIII/342, Pattithanam, Ettumanoor, Kottayam, Kerala-686631.

Editor: **P.Purushothaman.**